11
2022
ജനുവരി
ചൊവ്വ
ധനു 27

NAUTICAL TIMES
KERALA
The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 219 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-219 പേജ് 4. വില 2.00 രൂപ



02 നഗരമാലിന്യ സംസ്കരണത്തിന് നൂതന ആശയങ്ങൾ സമർപ്പിക്കാം, അവാർഡ് നേടാം

03 കുഞ്ഞുങ്ങളെ തേടി അമ്മപ്പുലിയെത്തിയത് മൂന്നു തവണ

04 രണ്ടാം വിമോചനസമരത്തിനുള്ള മുസ്‌ലിം ലീഗിന്റെ നീക്കങ്ങൾ വിജയിക്കില്ല: കോടിയേരി


# കോവിഡ് മൂന്നാം തരംഗത്തെ ചെറുക്കാൻ മൾട്ടി മോഡൽ ആക്ഷൻ പ്ലാൻ



തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് കേസുകൾ ക്രമാതീതമായി വർധിച്ചാൽ നേരിടുന്നതിന് മൾട്ടി മോഡൽ ആക്ഷൻ പ്ലാൻ തയാറാക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആശുപത്രി അഡ്മിഷൻ, ഐസിയു അഡ്മിഷൻ, രോഗികളുടെ എണ്ണം എന്നിവ കണക്കിലെടുത്ത് ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ, നിരീക്ഷണ സംവിധാനം, ടെസ്റ്റിംഗ് സ്ട്രാറ്റജി, ഓക്സിജൻ സ്റ്റോക്ക് എന്നിവ വർധിപ്പിക്കുന്ന രീതിയിലാണ് മൾട്ടി മോഡൽ ആക്ഷൻ പ്ലാൻ തയാറാക്കിയിരിക്കുന്നത്.

കോവിഡ് രോഗികളുടെ എണ്ണം കൂടുന്നതനുസരിച്ച് മൂന്ന് ഘട്ടങ്ങളായാണ് ആക്ഷൻ പ്ലാൻ തയാറാക്കിയിരിക്കുന്നത്. ഓരോ സൂചനകൾ വരുമ്പോഴും അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ ആശുപത്രികളെ സജ്ജമാക്കുകയാണ് പ്രധാന ലക്ഷ്യം. ഇതിലൂടെ എല്ലാവർക്കും ചികിത്സ ഉറപ്പാക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

## ചൊവ്വാഴ്ച എസ്എഫ്ഐ പഠിപ്പുമുടക്കും

തിരുവനന്തുരം: പൈനാവ് സർക്കാർ എഞ്ചിനിയറിംഗ് കോളജിൽ വിദ്യാർഥി കുത്തേറ്റ് മരിച്ച സംഭവത്തിൽ പ്രതിഷേധിച്ച് ചൊവ്വാഴ്ച സംസ്ഥാന വ്യാപകമായി കലാലയങ്ങളിൽ പഠിപ്പ് മുടക്ക് സമരം നടത്തുമെന്ന് എസ്എഫ്ഐ പ്രഖ്യാപിച്ചു. സംസ്ഥാന സെക്രട്ടറി സച്ചിൻ ദേവാണ് ഇക്കാര്യം അറിയിച്ചത്.

ഇടുക്കിയിൽ നടന്നത് ആസൂത്രിത അക്രമമാണെന്നും കാമ്പസിനുള്ളിൽ യൂത്ത് കോൺഗ്രസ് ഗുണ്ടകൾ ബോധപൂർവം പ്രശ്നങ്ങൾ സൃഷ്ടിച്ചുവെന്നും സച്ചിൻ ആരോപിച്ചു. കോളജിലെ എസ്എഫ്ഐ നേതാക്കളെ ലക്ഷ്യം വച്ചാണ് യൂത്ത് കോൺഗ്രസുകാർ എത്തിയതെന്നും കുറ്റക്കാരെ പോലീസ് കണ്ടെത്തണമെന്നും സംസ്ഥാന സെക്രട്ടറി ആവശ്യപ്പെട്ടു.

# എസ്എഫ്ഐ പ്രവർത്തകൻ കുത്തേറ്റു മരിച്ചു; 2 പേരുടെ നില ഗുരുതരം

തൊടുപുഴ : ഇടുക്കി ഗവൺമെന്റ് എൻജിനീയറിങ് കോളജിലെ വിദ്യാർഥിയും എസ്എഫ്ഐ പ്രവർത്തകനുമായ ധീരജ് (21) കുത്തേറ്റു മരിച്ചു. കോളജ് തിരഞ്ഞെടുപ്പിനിടെയുണ്ടായ സംഘർഷത്തിലാണ് ധീരജിന് കുത്തേറ്റത് എന്നാണ് വിവരം. ആക്രമണത്തിൽ രണ്ടു പേർക്കു പരുക്കേറ്റു. തൃശൂർ സ്വദേശി ടി.അഭിജിത്ത്, അമൽ എന്നിവർക്കാണ് പരുക്കേറ്റത്. ഇവരുടെ നില ഗുരുതരമാണ്.

കണ്ണൂർ തളിപ്പറമ്പ്, പാലക്കുളങ്ങര സ്വദേശിയാണ് ധീരജ്. കെഎസ്‌യു യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് ധീരജിനെ കുത്തിയതെന്ന് എസ്എഫ്ഐ നേതാക്കൾ ആരോപിച്ചു. പുറത്തുനിന്നെത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് ഇതിനു പിന്നിലെന്ന് എസ്എഫ്



ഐ കോളജ് യൂണിറ്റ് നേതാക്കൾ പറഞ്ഞു. ധീരജിനെ കുത്തിയവർ ഓടിരക്ഷപ്പെട്ടു. ചെറുതോണി പൊലീസ് കോളജിലെത്തി സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

ധീരജിന്റെ കഴുത്തിലാണ് കുത്തേറ്റത്. കുത്തേറ്റ ധീരജിനെ ഉടനെ തന്നെ ഒപ്പമുള്ളവർ ഇടുക്കി മെഡിക്കൽ കോളജിലേക്ക് എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ധീരജിന്റെ കൊലപാതകം ആസൂത്രിതമാണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ഒരു സംഘർഷവുമില്ലാതെയുള്ള ഏകപക്ഷീയമായ ആക്രമണമാണിത്. അങ്ങേയറ്റം ദൗർഭാഗ്യകരമായ സംഭവമെന്നും മന്ത്രി പറഞ്ഞു. വർഷങ്ങളായി എസ്എഫ്ഐയാണ് ഇടുക്കി എൻജിനീയറിങ് കോളജ് യൂണിയൻ ഭരിക്കുന്നത്.

എസ്എഫ്ഐ പ്രവർത്തകൻ കുത്തേറ്റു മരിച്ചതിനെ തുടർന്ന് ഇടുക്കി ഗവൺമെന്റ് എൻജിനീയറിങ് കോളജ് അനിശ്ചിത കാലത്തേക്ക് അടച്ചതായി പ്രിൻസിപ്പൽ അറിയിച്ചു. ഹോസ്റ്റലുകളിലും മറ്റുമുള്ള വിദ്യാർഥികളും എത്രയും പെട്ടെന്ന് ഒഴിഞ്ഞു പോകണമെന്നും പ്രിൻസിപ്പൽ നിർദേശിച്ചു.

### പ്രതി നിഖിൽ പൈലി അറസ്റ്റിൽ

തൊടുപുഴ : ഇടുക്കി ഗവ. എൻജിനീയറിങ് കോളജിലെ വിദ്യാർഥിയും എസ്എഫ്ഐ പ്രവർത്തകനുമായ ധീരജ് രാജേന്ദ്രനെ (21) കുത്തിക്കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയെന്ന് സംശയിക്കുന്ന ആൾ പിടിയിൽ. യൂത്ത് കോൺഗ്രസ് പ്രവർത്തകനായ നിഖിൽ പൈലിയാണ് അറസ്റ്റിലായത്. കുത്തിയത് ധീരജിൻറെ ചങ്കിൽ; മരണം ചങ്ക് പിളർന്നെന്ന് ഡോക്ടർ പറഞ്ഞു'

ബസ് യാത്രയ്ക്കിടയിലാണ് പിടികൂടിയതെന്നു പൊലീസ് പറഞ്ഞു. കോളജ് തിരഞ്ഞെടുപ്പിനിടെയുണ്ടായ സംഘർഷത്തിലാണു ധീരജിന് കുത്തേറ്റത്.

## പ്രധാനമന്ത്രിയുടെ സുരക്ഷാ വീഴ്ച; അന്വേഷണത്തിന് മൂന്നംഗ സമിതിയെ നിയോഗിച്ച് സുപ്രീംകോടതി


ന്യൂഡൽഹി: പ്രധാനമന്ത്രിക്ക് നരേന്ദ്രമോദിക്ക് പഞ്ചാബിലുണ്ടായ സുരക്ഷാ വീഴ്ചയിൽ സ്വതന്ത്ര അന്വേഷണം. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ മൂന്നംഗ സമിതിയെ സുപ്രീംകോടതി നിയോഗിച്ചു.

സുപ്രീംകോടതിയിലെ വിരമിച്ച ജഡ്ജിയാണ് സമിതിയുടെ അധ്യക്ഷൻ. എൻഐഎ ഡിജി, പഞ്ചാബ് ഇൻറലിജൻസ് എഡിജി എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ. പഞ്ചാബിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന് എത്തിയപ്പോഴാണ് പ്രധാനമന്ത്രിയെ കർഷകസംഘടനകൾ വഴിയിൽ തടഞ്ഞത്. ഇതേതുടർന്ന് ബതിൻദയിലെ മേൽപ്പാലത്തിൽ പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം 20 മിനിറ്റോളം കുടുങ്ങിയിരുന്നു.

# ജില്ലാതലത്തിൽ പ്രതിരോധം ഉറപ്പാക്കണം: പ്രധാനമന്ത്രി

ന്യൂഡൽഹി: കോവിഡ് പ്രതിരോധത്തിന് ജില്ലാതലത്തിൽ ആവശ്യമായ പ്രതിരോധ സംവിധാനങ്ങൾ ഉറപ്പാക്കണമെന്ന് പ്രധാനമന്ത്രി. രാജ്യത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെയും അനുബന്ധ സജ്ജീകരണങ്ങളെയുംകുറിച്ച് വിശകലനം ചെയ്യുന്നതിനുള്ള ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി.

ഓരോ സംസ്ഥാനത്തെയും മുഖ്യമന്ത്രിമാരുമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് യോഗം ചേരുമെന്നും പ്രധാനമന്ത്രി അറിയിച്ചു. കൗമാരക്കാർക്കുള്ള



വാക്സിനേഷൻ വേഗത്തിലാക്കണം. കൊറോണ വൈറസിന് നിരന്തരം രൂപാന്തരം സംഭവിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശോധനയിലും വാക്സിൻ നടപടികളിലും മരുന്ന് ഉത്പാദനത്തിലും പുതിയ ഗവേഷണങ്ങൾ ആവശ്യമാണ്.

നേരിയതോ രോഗ ലക്ഷണങ്ങൾ ഇല്ലാത്തതോ ആയ രോഗികൾക്ക് വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കണം. അടിയന്തര കോവിഡ് ഫണ്ട് ഉപയോഗിച്ച് ആരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കണം. പരിശോധന വർധിപ്പിക്കണം. സംസ്ഥാനങ്ങളിലെ ഓക്സിജൻഐസിയു കിടക്കകളുടെ ലഭ്യത, കോവിഡ് മരുന്നുകളുടെ ശേഖരം എന്നിവ പരിശോധിച്ച് ഉറപ്പാക്കാൻ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു.

## മോറിസ് കോയിൻ തട്ടിപ്പ്: 37 കോടിയുടെ വസ്തുവകകൾ ഇഡി കണ്ടുകെട്ടി

കോഴിക്കോട്: മോറിസ് കോയിൻ ക്രിപ്റ്റോ കറൻസി തട്ടിപ്പ് കേസിലെ പ്രധാന പ്രതിയും മലപ്പുറം സ്വദേശിയുമായ കളിയിടുക്കൽ നിഷാദിൻറെയും കൂട്ടാളികളുടെയും ആസ്തി ഇഡി കണ്ടുകെട്ടി. 36 കോടി 72 ലക്ഷത്തിലധികം രൂപയുടെ വസ്തുവകകളാണ് കണ്ടുകെട്ടിയതെന്നു ഇഡി അറിയിച്ചു.

മോറിസ് കോയിൻ വാഗ്ദാനം ചെയ്തു രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ 1200 കോടി രൂപയുടെ തട്ടിപ്പു നടന്നതായി ഇഡി കണ്ടെത്തിയിരുന്നു. ഇതിൽ നല്ലൊരു ഭാഗം വിദേശത്തേക്ക് കടത്തിയതായാണ് സൂചന.

മോറിസ് ക്രിപ്റ്റോ കറൻസി ഇന്ത്യയിൽ വിനിമയം നടത്താൻ അനുമതി ലഭിക്കുമെന്ന് തെറ്റിദ്ധരിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്. കേസിൻറെ അന്വേഷണവുമായി ബന്ധപ്പെട്ടു നടൻ ഉണ്ണിമുകുന്ദൻറെ വീട്ടിലും ഇഡി പരിശോധന നടത്തിയിരുന്നു.

# 25 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു

പി സ്റ്റെല്ലസ്

തിരു:: സംസ്ഥാനത്ത് 25 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറം ജില്ലയിൽ നിന്നുള്ള 19 പേർക്കും ആലപ്പുഴ, തൃശൂർ ജില്ലകളിലെ 3 പേർക്ക് വീതവുമാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. അതിൽ 23 പേരും ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. രണ്ട് പേർക്ക് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചു. മലപ്പുറം ജില്ലയിയിലുള്ള 42 വയസുകാരിക്കും തൃശൂർ ജില്ലയിലുള്ള 10 വയസുകാരിക്കുമാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

മലപ്പുറത്ത് 14 പേർ യുഎഇയിൽ നിന്നും 4 പേർ ഖത്തറിൽ നിന്നും, ആലപ്പുഴയിൽ 2 പേർ യുഎഇയിൽ നിന്നും ഒരാൾ സൗദി അറേബ്യയിൽ നിന്നും, തൃശൂരിൽ ഒരാൾ ഖത്തറിൽ നിന്നും ഒരാൾ യുഎസ്എയിൽ നിന്നും വന്നതാണ്.

ഇതോടെ സംസ്ഥാനത്ത് ആകെ 305 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 209 പേരും ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 64 പേരും എത്തിയിട്ടുണ്ട്. 32 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

## വിശ്വാസികൾക്ക് സിപിഎമ്മിൽ അംഗത്വം നൽകുമെന്ന് കോടിയേരി

കോഴിക്കോട്: വിശ്വാസികൾക്ക് പാർട്ടിയിൽ അംഗത്വം നൽകുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. സിപിഎം ഒരു മതത്തിനും എതിരല്ലെന്നും പാതിരിമാർക്കും പാർട്ടിയിൽ ചേരാമെന്ന് ലെനിൻ പറഞ്ഞിട്ടുണ്ടെന്നും കോടിയേരി പറഞ്ഞു. സിപിഎം കോഴിക്കോട് ജില്ലാ സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

കൂടാതെ കോൺഗ്രസിനും മുസ്‌ലിം ലീഗിനും നേരെ അദ്ദേഹം രൂക്ഷ വിമർശനം ഉന്നയിച്ചു. മുസ്‌ലിം ലീഗ് ഇസ്‌ലാമിക രാഷ്ട്രീയവുമായി സന്ധി ചെയ്തു. മുസ്‌ലിം ലീഗിനെ നയിക്കുന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യയശാത്രമാണ്. മുസ്‌ലിം, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഇടത് ആഭിമുഖ്യമുണ്ടെന്നും കോടിയേരി പറഞ്ഞു.

ഇസ്‌ലാമിക മൗലീക വാദത്തിന് ലീഗ് പിന്തുണ നൽകുന്നുവെന്നും സമസ്തയുടെ നിലപാട് ലീഗിന് എതിരാണെന്നും പറഞ്ഞ കോടിയേരി മുസ്‌ലീം ലീഗ് ഒറ്റപ്പെട്ട അവസ്ഥയിലാണെന്നും പരിഹസിച്ചു.

ബിജെപിക്ക് ബദൽ കോൺഗ്രസ് അല്ല. ബിജെപിക്കും കോൺഗ്രസിനും ഒരേനയമാണ്. ബിജെപിക്ക് എതിരായ പോരാട്ടത്തിൽ കോൺഗ്രസിനെ വിശ്വസിക്കാനാകില്ലെന്നും കോടിയേരി കൂട്ടിച്ചേർത്തു.

# കെഎസ്ആർടിസി ബസുകൾ കഴുകി വൃത്തിക്കാൻ നിർദേശം

തിരുവനന്തപുരം: കെഎസ്ആർടിസി ബസുകൾ കൃത്യമായ ഇടവേളകളിൽ കഴുകി വൃത്തിയാക്കി സർവീസ് നടത്താൻ നിർദേശം. സൂപ്പർഫാസ്റ്റ്, ഫാസ്റ്റ്, സിറ്റി സർക്കുലർ ബസുകൾ രണ്ട് ദിവസത്തിലൊരിക്കലും ഓർഡിനറി, ജൻറം, നോൺ എസി ബസുകൾ മൂന്ന് ദിവസത്തിലൊരിക്കലും കഴുകി വൃത്തിയാക്കുന്നതിനുമുള്ള കെഎസ്ആർടിസി സിഎംഡി ഉത്തരവ് പുറത്തിറക്കി. ഇതിനായി യൂണിറ്റ് ഓഫീസർമാർ സർവീസിന് നൽകുന്ന ബസുകൾ ശരിയായ രീതിയിൽ കഴുകി വൃത്തിയാക്കുന്നതിന് ബസ് വാഷിങ് ജീവനക്കാരെ നിയോഗിക്കാനാണ് നിർദേശം. യൂണിറ്റുകളിൽ ഉള്ള ബസിന്റെ അനുപാതത്തിന് അനുസരിച്ച് വാഷിങ് ഷെഡ്യൂൾ ക്രമീകരിച്ച് നൽകും.

വൃത്തിശൂന്യമായും നിർദേശങ്ങൾക്ക് വിരുദ്ധമായും ഏതെങ്കിലും ബസുകൾ സർവീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ ഡിപ്പോയിലെ മുഴുവൻ ബസ് വാഷർമാരുടേയും സേവനം യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിച്ച് ബസ് കഴുകുന്ന കരാർ കുടുംബശ്രീ പോലുള്ള ഏജൻസികൾക്ക് നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും ഉത്തരവിൽ പറയുന്നു.

കൂടാതെ എല്ലാ ബസുകൾക്കും റിവേഴ്സ് ലൈറ്റും ഇൻഡിക്കേറ്ററും, ഡ്രൈവർമാർക്ക് മൂവ് ചെയ്യുന്ന സീറ്റും ബോട്ടിൽ ഫോൾഡറും എയർ വിന്റും ഘടിപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ലൈറ്റ് ഇല്ലാതെയും ഹോൺ ഇല്ലാതെയും വൃത്തിയില്ലാതെയും ഉൾപ്പെടെ ബസുകൾ സർവീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഫോട്ടോയും ബസ് നമ്പരും സഹിതം 9400058900 എന്ന വാട്സ്ആപ്പ് നമ്പരിൽ യാത്രക്കാർക്ക് അറിയിക്കാമെന്ന് കെഎസ്ആർടിസി അറിയിച്ചു.

# ആക്രമിക്കപ്പെട്ട നടിയെ പിന്തുണച്ച് മമ്മൂട്ടിയും മോഹൻലാലും

കൊച്ചി: നടി ആക്രമിക്കപ്പെട്ട കേസിൽ പുതിയ സംഭവവികാസങ്ങളുണ്ടായ സാഹചര്യത്തിൽ ആക്രമിക്കപ്പെട്ട നടിക്ക് പിന്തുണയുമായി മമ്മൂട്ടിയും മോഹൻലാലും. ആക്രമിക്കപ്പെട്ട നടിയുടെ കുറിപ്പ് പങ്കുവച്ചാണ് താരങ്ങൾ പിന്തുണയുമായി എത്തിയത്. നിനക്കൊപ്പം എന്ന് ഇൻസ്റ്റഗ്രാമിൽ മമ്മൂട്ടി കുറിച്ചു. ബഹുമാനമെന്നായിരുന്നു മോഹൻലാലിൻറെ പോസ്റ്റ്.

നടി മഞ്ജു വാര്യർ, പൃഥിരാജ്, ഐശ്വര്യ ലക്ഷ്മി, ടൊവിനോ തോമസ്, പാർവതി, കുഞ്ചാക്കോ ബോബൻ തുടങ്ങി ഒട്ടനവധി താരങ്ങളാണ് നടിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രംഗത്തെത്തിയത്.

ആക്രമിക്കപ്പെട്ട നടിയുടെ കുറിപ്പ് ഷെയർ ചെയ്താണ് മഞ്ജു വാര്യർ രംഗത്തെത്തിയത്. കുറ്റം ചെയ്തതില്ലെങ്കിലും തന്നെ അവഹേളിക്കാനും നിശബ്ദയാക്കാനും ഒറ്റപ്പെടുത്താനും ഒരുപാട് ശ്രമങ്ങളുണ്ടായി. ഇരയാക്കപ്പെടലിൽ നിന്നും അതിജീവനത്തിലേക്കുള്ള യാത്ര എളുപ്പമായിരുന്നില്ലെന്നും ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച കുറിപ്പിലൂടെ ആക്രമിക്കപ്പെട്ട നടി വ്യക്തമാക്കി.

നടിയുടെ വാക്കുകൾ

ഈ യാത്ര ഒരിക്കലും എളുപ്പമായിരുന്നില്ല. ഇരയാക്കപ്പെടലിൽ നിന്നും അതിജീവനത്തിലേക്കുള്ള ഈ യാത്ര. 5 വർഷമായി എൻറെ പേരും വ്യക്തിത്വവും എനിക്ക് സംഭവിച്ച അതിക്രമത്തിനടിയിൽ അടിച്ചമർത്തപ്പെട്ടിരിക്കുകയാണ്.

കുറ്റം ചെയ്തത് ഞാൻ അല്ലെങ്കിലും എന്നെ അവഹേളിക്കാനും നിശബ്ദയാക്കാനും ഒറ്റപ്പെടുത്താനും ഒരുപാട് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അപ്പോളൊക്കെയും ചിലരൊക്കെ നിശബ്ദത ഭേദിച്ച് മുന്നോട്ടുവന്നു.

എനിക്കു വേണ്ടി സംസാരിക്കാൻ, എൻറെ ശബ്ദം നിലക്കാതിരിക്കാൻ. ഇന്ന് എനിക്കു വേണ്ടി നിലകൊള്ളുന്ന ഇത്രയും ശബ്ദങ്ങൾ കേൾക്കുമ്പോൾ ഞാൻ തനിച്ചല്ലെന്ന് തിരിച്ചറിയുന്നു.

നീതി പുലരാനും തെറ്റു ചെയ്തവർ ശിക്ഷിക്കപ്പെടാനും ഇങ്ങനെയൊരനുഭവം മറ്റാർക്കും ഉണ്ടാവാതെയിരിക്കാനും ഞാൻ ഈ യാത്ര തുടർന്ന് കൊണ്ടേയിരിക്കും. കൂടെനിൽക്കുന്ന എല്ലാവരുടേയും സ്നേഹത്തിനു ഹൃദയം നിറഞ്ഞ നന്ദി.

# പീഡനക്കേസ് പ്രതിയെ അതിജീവിതയുടെ ഭർത്താവ് വെട്ടി പരുക്കേൽപിച്ചു

കട്ടപ്പന : പീഡനക്കേസ് പ്രതിയെ അതിജീവിതയുടെ ഭർത്താവ് പൊലീസ് സ്റ്റേഷനു സമീപത്ത് വെട്ടി പരുക്കേൽപിച്ചു. സാരമായി പരുക്കേറ്റ, കാഞ്ചിയാർ വെള്ളിലാംകണ്ടത്തു താമസിക്കുന്ന തൃപ്പൂണിത്തുറ താന്നിയിൽ ഷെയ്സിനെ(40) കോലഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാവിലെ പതിനൊന്നരയ്ക്കായിരുന്നു സംഭവം. ഷെയ്സും ഭാര്യയും പൊലീസ് സ്റ്റേഷനു സമീപമുള്ള ഗോൾഡ് കവറിങ് ആഭരണ വിൽപന കേന്ദ്രത്തിൽ എത്തിയതായിരുന്നു. ഇവർ സ്ഥാപനത്തിൽ കയറിയതിനു പിന്നാലെ കാറിൽ എത്തിയ അതിജീവിതയുടെ ഭർത്താവ് തൊട്ടടുത്തുള്ള സ്ഥാപനത്തിൽ നിന്നു കത്തി വാങ്ങി. ഗോൾഡ് കവറിങ് സ്ഥാപനത്തിനുള്ളിൽ നിൽക്കുകയായിരുന്ന ഷെയ്സിന്റെ പിൻകഴുത്തിൽ 2 തവണ വെട്ടുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. തുടർന്ന് കടന്നുകളയാൻ ശ്രമിച്ചയാളെ ഷെയ്സും ഭാര്യയും ചേർന്ന് തടഞ്ഞുനിർത്താൻ ശ്രമിച്ചു.

ഇതിനിടെ ഇയാൾ കാറിൽ കയറിയെങ്കിലും ഷെയ്സ് ഹെൽമറ്റ് ഉപയോഗിച്ച് വാഹനത്തിന്റെ ചില്ല് അടിച്ചുപൊട്ടിച്ചു. അതോടെ ടാക്സി സ്റ്റാൻഡിൽ ഉണ്ടായിരുന്ന ഡ്രൈവർമാരും സമീപത്തു നിന്നിരുന്നവരും ബഹളം കേട്ടെത്തിയ പൊലീസ് ഉദ്യോഗസ്ഥരുമെല്ലാം ചേർന്ന് വാഹനം തടഞ്ഞു. തുടർന്ന് പൊലീസ് ഇയാളെ കസ്റ്റഡിയിലെടുത്തു.

ആക്രമണം നടത്തിയ വ്യക്തിയുടെ ഭാര്യയെ 2017ൽ ഷെയ്സ് പീഡിപ്പിച്ചെന്നുള്ള കേസ് കോടതിയുടെ പരിഗണനയിലാണെന്ന് പൊലീസ് അറിയിച്ചു. തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ് ഷെയ്സ്.



ഒന്നര കോടി ചെലവിൽ കൊല്ലായിൽ ഗവണ്മെന്റ് എൽ പി എസ്സിൽ നിർമിച്ച ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി ഓൺലൈൻ ആയി നിർവഹിച്ചു. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങുകൾക്ക് ഡി കെ മുരളി എം എൽ എ നേതൃത്വം നൽകി

# അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ച സംസ്ഥാനത്തെ ആദ്യ ജില്ലയായി കോട്ടയം

അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്തെ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പാക്കുന്ന അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ച സംസ്ഥാനത്തെ ആദ്യജില്ലയായി കോട്ടയം. പദ്ധതി പൂർത്തീകരിച്ച ജില്ലയെ അഭിനന്ദിക്കുന്നുവെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. വിവിധ ഘട്ടങ്ങളിലായി ഏകദേശം 3 ലക്ഷത്തോളം പേരുടെ പങ്കാളിത്തത്തോടെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും ഏകമനസോടെ ഉണർന്ന് പ്രവർത്തിച്ചതിന്റെയും ഫലമായാണ് കോട്ടയം ജില്ല ഈ നേട്ടം കൈവരിച്ചത്. ജില്ലയിൽ ദുരന്തം ഗ്രസിച്ച കൂട്ടിയ്ക്കൽ ഉൾപ്പെടെയുള്ള തദ്ദേശ സ്ഥാപനങ്ങൾ സമയബന്ധിതമായും, കൃത്യമായും ഈ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ച് അതിജീവന മാതൃക സൃഷ്ടിച്ചുവെന്ന് മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ നോഡൽ ഓഫീസറായ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, തദ്ദേശസ്ഥാപന തലനോഡൽ ഓഫീസർമാരായ സെക്രട്ടറിമാർ, അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, കിലയുടെ ജില്ലാ ഫെസിലിറ്റേറ്റർ എന്നിവരുടെ മികവുറ്റ നേതൃത്വത്തിലാണ് ഈ പ്രവർത്തനം ഏകോപിപ്പിച്ചത്. കിലയുടെ നേതൃത്വത്തിൽ ആണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയ്ക്ക് ആവശ്യമായ പരിശീലനം നല്കിയത്. ജില്ലയിൽ ഏകദേശം അൻപതിനായിരത്തോളം പേർ പങ്കെടുത്ത ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ കണ്ടെത്തിയ 1294 കുടുംബങ്ങളുടെ എന്യൂമറേഷൻ പ്രക്രിയയും, ഉപരിപരിശോധനയും പൂർത്തിയാക്കി. എം ഐ എ സിൽ ലഭ്യമായ 1119 അതിദരിദ്ര കുടുംബങ്ങളുടെ, സമിതികളുടെ അംഗീകാരം നേടിയ മുൻഗണനാ പട്ടിക 7 ദിവസം പൊതുവിടങ്ങളിൽ പ്രദർശിപ്പിച്ചു. തുടർന്ന് ജില്ലയിൽ ഗ്രാമസഭയും വാർഡ് സഭയും നടത്തി, തദ്ദേശ സ്ഥാപന ഭരണ സമിതി അന്തിമ പട്ടിക അംഗീകരിക്കുകയായിരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ഏറ്റവും കുറവ് അതിദരിദ്ര കുടുംബങ്ങൾ ഉള്ളത് കോട്ടയം ജില്ലയിൽ ആണ്. ജില്ലയിൽ ഏറ്റവും മാതൃകാപരമായി അതിദരിദ്രരുടെ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് ജില്ലാ നിർവാഹക സമിതിയുടെ നേതൃത്വത്തിൽ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നത് മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു. ആശ്രയ ഉൾപ്പെടെയുള്ള സർക്കാർ പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്ത പാർശ്വവല്ക്കരിക്കപ്പെട്ടവരും ശബ്ദരഹിതരുമായ, മുഖ്യധാരയിൽ ദൃശ്യമല്ലാത്ത, പൊതുസമൂഹത്തിൽ സ്വാധീന ശക്തിയില്ലാത്ത അതിദരിദ്രരെ മാത്രമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇപ്രകാരം കണ്ടെത്തുന്നവർക്ക് വേണ്ടി വരുമാനം ആർജ്ജിക്കാനുള്ള പദ്ധതികളും അത് സാധിക്കാത്തവർക്ക് ഇൻകം ട്രാൻസ്ഫർ പദ്ധതികളുമടക്കം സൂക്ഷ്മ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നതാണ് സർക്കാർ തീരുമാനം. അത് കൊണ്ട് തന്നെ അതിദരിദ്രരെ ദരിദ്രരിൽ നിന്നും വേർതിരിച്ചു മനസ്സിലാക്കി അനർഹരല്ലാത്തവർ ആരും പട്ടികയിൽ ഇടം പിടിക്കാതെയും അർഹരായവരെയെല്ലാം ഉൾപ്പെടുത്തിയും അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യണം എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭക്ഷണ ലഭ്യത, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നിവയെ അടിസ്ഥാനമാക്കി തീവ്ര, അതിതീവ്ര ക്ലേശഘടകങ്ങൾ ബാധകമാകുന്ന കുടുംബങ്ങളെ അതിദരിദ്രരായി കണക്കാക്കപ്പെടുന്ന തരത്തിലാണ് സൂചകങ്ങൾ നിശ്ചയിച്ചിട്ടുള്ളതെന്ന് മന്ത്രി വിശദീകരിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി അതിദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൈക്രോ പദ്ധതികൾ ആവിഷ്കരിച്ച് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യും. ജനകീയാസൂത്രണത്തിന് ശേഷം ഏറ്റവുമധികം സാമൂഹിക പങ്കാളിത്തത്തോടെ സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

# നഗരമാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക ആശയങ്ങൾ സമർപ്പിക്കാം, അവാർഡ് നേടാം

മാലിന്യരഹിത നഗരങ്ങൾക്കായി എല്ലാ നഗരസഭ/കോർപറേഷനുകളുടെയും പ്രാതിനിധ്യത്തോടെ 'സ്വച്ഛ് ടെക്നോളജി ചലഞ്ച്' മത്സരം സംഘടിപ്പിക്കുന്നു. മാലിന്യ സംസ്കരണത്തിന് പ്രാദേശികമായി നവീകരിച്ചതും ചെലവ് കുറഞ്ഞതുമായ പരിഹാരങ്ങളും ബിസിനസ് മോഡലുകളും സ്വീകരിക്കാൻ കൂടിയാണ് മത്സരം. സാമൂഹിക സുസ്ഥിരത, മാലിന്യ രഹിത അവസ്ഥ, ഇഗവേണൻസിലിലൂടെ സുതാര്യത , പ്ലാസ്റ്റിക് മാലിന്യംപരിപാലനം എന്നീ ആശയങ്ങളിലാണ് മത്സരം കേന്ദ്രീകരിക്കുന്നത്.

പ്രൈമറി, സെക്കന്ററി വിഭാഗത്തിലുള്ള വിദ്യാർഥികൾക്ക് മത്സരിക്കാം. പൊതുവിഭാഗത്തിൽ സംരംഭകർ, സ്റ്റാർട്ട്അപ്പുകൾ തുടങ്ങിയവർ എന്നിവർക്കും പങ്കെടുക്കാം. വ്യക്തികൾക്കും പരമാവധി മൂന്ന് പേരടങ്ങിയ ഗ്രൂപ്പുകൾക്കുമാണ് മത്സരിക്കാനാകുക.

സംസ്ഥാന തലത്തിലുള്ള മികച്ച മൂന്ന് ആശയത്തിനു സംസ്ഥാന സർക്കാരിന്റെ അവാർഡുണ്ട്. 2.5, 1.5, 1 ലക്ഷം രൂപ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തെത്തുന്നവർക്ക് ലഭിക്കും. രാജ്യത്തുടനീളമുള്ള ഓരോ ആശയ മേഖലകളിലെയും മികച്ച മൂന്ന് ആശയങ്ങളിൽ ഓരോന്നിനും 25 ലക്ഷം രൂപയാണ് അവാർഡ്. തെരഞ്ഞെടുത്ത ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഫ്രഞ്ച് ഗവൺമെന്റിന്റെ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്ന സംരഭമായ എ.എഫ്.ഡി ഒരു വർഷത്തെ സാങ്കേതിക സഹായം നൽകും. നഗരസഭ/കോർപറേഷൻ തലത്തിൽ സാങ്കേതിക വിദഗ്ദ്ധരടങ്ങുന്ന ജൂറി വിധി നിർണയം നടത്തും.

ആശയങ്ങൾ സമർപ്പിക്കുന്നതിനായി സ്വച്ഛതം പോർട്ടലില് ഉൾപ്പെടുത്തിയിക്കുന്ന ഓൺലൈൻ ഫോം ഉപയോഗിക്കാം. അവസാന തീയതി ജനുവരി 13. വിവരങ്ങൾക്ക് ജില്ലാ ശുചിത്വ മിഷനുമായി ബന്ധപ്പെടാം. ഫോൺ 0474 2791910. വെബ്സൈറ്റ് www.swachhbharaturban.gov.in

## പ്രവാസി ഭദ്രത സംരംഭക പദ്ധതിക്ക് മികച്ച പ്രതികരണം: അപേക്ഷാ സമർപ്പണം തുടരുന്നു

കോവിഡാനന്തരം നാട്ടിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രവാസികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് വഴി ആരംഭിച്ച പ്രവാസി ഭദ്രത മൈക്രോ പദ്ധതിക്ക് മികച്ച പ്രതികരണം. ഒക്ടോബർ 26ന് ഉദ്ഘാടനം ചെയ്ത പദ്ധതിയിൽ കെ.എസ്.എഫ്.ഇ വഴി 171 സംരംഭങ്ങൾക്കായി 7.96 കോടി രൂപ ഇതുവരെ വിതരണം ചെയ്തു. രണ്ടു വർഷം വരെ വിദേശത്ത് ജോലി ചെയ്ത ശേഷം തിരിച്ചെത്തിയ മലയാളികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി അഞ്ചു ലക്ഷം രൂപവരെ അനുവദിക്കുന്ന ഈ പദ്ധതിയിലേക്ക് അപേക്ഷാ സമർപ്പണം തുടരുകയാണ്. കെ.എസ്.എഫ്.ഇയുടെ 630 ശാഖകളിലൂടെ വായ്പ ലഭിക്കും. പദ്ധതി തുകയുടെ 25 ശതമാനം പരമാവധി ഒരു ലക്ഷം വരെ മൂലധനസബ്സിഡിയും ആദ്യ നാല് വർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയും ലഭിക്കുമെന്നതാണ് പദ്ധിതിയുടെ സവിശേഷത. കൂടുതൽ വിവരങ്ങൾക്ക് കെ.എസ്.എഫ്.ഇ ശാഖകളിലോ 18004253939 എന്ന ടോൾ ഫ്രീ നമ്പറിലോ വിദേശത്തു നിന്നും മിസ്ഡ് കോൾ സർവീസിന് 0091 880 20 12345 എന്ന നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

## ഭക്ഷ്യ മന്ത്രിയുടെ ഫയൽ അദാലത്ത് ഇടുക്കിയിൽ പൂർത്തിയായി

ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റെ നേതൃത്വത്തിൽ നടക്കുന്ന ഫയൽ അദാലത്ത് ഇടുക്കി ജില്ലയിൽ പൂർത്തിയായി. സംസ്ഥാനത്തെ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ള റേഷൻകട ലൈസൻസുമായി ബന്ധപ്പെട്ടാണ് അദാലത്ത് നടക്കുന്നത്.

ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ 10 റേഷൻ കടകൾക്കു ലൈസൻസ് പുനഃസ്ഥാപിച്ചു നൽകി. എട്ടു കടകളുടെ ലൈസൻസികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാൻ സമയം അനുവദിച്ചു. 22 റേഷൻ കടകളുടെ ലൈസൻസ് സ്ഥിരമായി റദ്ദാക്കി. രണ്ടു കടകളുടെ ലൈസൻസ് സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലായതിനാൽ കോടതി വിധിയനുസരിച്ചു തീർപ്പാക്കാൻ തീരുമാനിച്ചു.

സിവിൽ സപ്ലൈസ് ഡയറക്ടർ സജിത് ബാബു, സൗത്ത് മേഖലാ റേഷനിങ് ഡെപ്യൂട്ടി കൺട്രോളർ അനിൽ രാജ് തുടങ്ങിയവർ പങ്കെടുത്തു.

# ഇന്ത്യൻ പൈതൃകം സംരക്ഷിക്കാനും സംരക്ഷിക്കാനും ക്ലാസിക്കൽ ഭാഷകളെ പ്രോത്സാഹിപ്പിക്കാനുമുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതം

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി തമിഴ്നാട്ടിൽ ഉടനീളമുള്ള 11 പുതിയ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളും ചെന്നൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലാസിക്കൽ തമിഴിന്റെ പുതിയ കാമ്പസും 2022 ജനുവരി 12 ന് വൈകുന്നേരം 4 മണിക്ക് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും.

ഏകദേശം 4000 കോടി രൂപ ചെലവിലാണ് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നത്, ഇതിൽ 2145 കോടി രൂപ കേന്ദ്ര ഗവണ്മെന്റും ബാക്കി തുക തമിഴ്നാട് ഗവണ്മെന്റുമാണ് നൽകിയത്. വിരുദുനഗർ, നാമക്കൽ, നീലഗിരി, തിരുപ്പൂർ, തിരുവള്ളൂർ, നാഗപട്ടണം, ഡിണ്ടിഗൽ, കല്ല്കുറിച്ചി, അരിയല്ലൂർ, രാമനാഥപുരം, കൃഷ്ണഗിരി എന്നീ ജില്ലകളിലാണ് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നത്. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും താങ്ങാനാവുന്ന മെഡിക്കൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രധാനമന്ത്രിയുടെ നിരന്തരമായ ശ്രമത്തിന് അനുസൃതമായാണ് ഈ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നത്. 1450 സീറ്റുകളുടെ ക്യുമുലേറ്റീവ് കപ്പാസിറ്റിയുള്ള പുതിയ മെഡിക്കൽ കോളേജുകൾ, 'നിലവിലുള്ള ജില്ലാ/റഫറൽ ഹോസ്പിറ്റലിനോട് അനുബന്ധിച്ച് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കൽ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കീഴിലാണ് സ്ഥാപിക്കുന്നത്. പദ്ധതി പ്രകാരം, ഗവണ്മെന്റ് അല്ലെങ്കിൽ സ്വകാര്യ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലാണ് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നത്.

ചെന്നൈയിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലാസിക്കൽ തമിഴിന്റെ (സിഐസിടി) പുതിയ കാമ്പസ് സ്ഥാപിക്കുന്നത് ഇന്ത്യൻ പൈതൃകം സംരക്ഷിക്കാനും സംരക്ഷിക്കാനും ക്ലാസിക്കൽ ഭാഷകളെ പ്രോത്സാഹിപ്പിക്കാനുമുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമാണ്. 24 കോടി രൂപ ചെലവിലാണ് പുതിയ കാമ്പസ് പൂർണമായും കേന്ദ്ര ഗവണ്മെന്റിന്റെ ധനസഹായത്തോടെ നിർമ്മിച്ചിരിക്കുന്നത്. ഇതുവരെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സിഐസിടി ഇനി മൂന്നു നിലകളുള്ള പുതിയ കാമ്പസിലാണ് പ്രവർത്തിക്കുക. വിശാലമായ ലൈബ്രറി, ഇലൈബ്രറി, സെമിനാർ ഹാളുകൾ, മൾട്ടിമീഡിയ ഹാൾ എന്നിവ പുതിയ കാമ്പസിൽ സജ്ജീകരിച്ചിട്ടുണ്ട്.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ സി ഐ സി ടി തമിഴ് ഭാഷയുടെ പ്രാചീനതയും അതുല്യതയും സ്ഥാപിക്കുന്നതിനായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തി ക്ലാസിക്കൽ തമിഴിന്റെ പ്രോത്സാഹനത്തിന് സംഭാവന നൽകുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽ 45,000ലധികം പുരാതന തമിഴ് പുസ്തകങ്ങളുടെ സമ്പന്നമായ ശേഖരമുണ്ട്. ക്ലാസിക്കൽ തമിഴിനെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനുമായി, ഇൻസ്റ്റിറ്റ്യൂട്ട് സെമിനാറുകളും പരിശീലന പരിപാടികളും നടത്തുക, ഫെലോഷിപ്പ് നൽകൽ തുടങ്ങിയ അക്കാദമിക പ്രവർത്തനങ്ങളിൽ മുഴുകുന്നു. വിവിധ ഇന്ത്യൻ ഭാഷകളിലേക്കും 100 വിദേശ ഭാഷകളിലേക്കും 'തിരുക്കുറൾ' വിവർത്തനം ചെയ്യാനും പ്രസിദ്ധീകരിക്കാനും ഇത് ലക്ഷ്യമിടുന്നു. ലോകമെമ്പാടും ക്ലാസിക്കൽ തമിഴിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിന് കാര്യക്ഷമമായ പ്രവർത്തന അന്തരീക്ഷം പുതിയ കാമ്പസ് പ്രദാനം ചെയ്യും.

# സപ്ലൈകോ സെൽഫി മത്സരത്തിന്റെയും ഓൺലൈൻ വില്പനയുടെയും ഉദ്ഘാടനം ഇന്ന്

സപ്ലൈകോ സെൽഫി മത്സരത്തിന്റെയും ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറിയുടെയും ഉദ്ഘാടനം ഇന്ന് (ജനു.11) രാവിലെ 9.30ന് തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി അഡ്വ. ജി.ആർ.അനിൽ നിർവഹിക്കും. ഗതാഗത വകുപ്പു മന്ത്രി അഡ്വ. ആന്റണി രാജു അധ്യക്ഷത വഹിക്കും. പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി ഓൺലൈൻ ഓർഡർ സ്വീകരിക്കും. മേയർ കുമാരി എസ്. ആര്യാ രാജേന്ദ്രൻ, ഡെ. മേയർ പി.കെ.രാജു, വാർഡ് കൗൺസിലർ ജാനകി അമ്മാൾ എന്നിവർ വിശിഷ്ട അതിഥികളാകും. സപ്ലൈകോ എം.ഡി. ഡോ.സഞ്ജീബ് കുമാർ പട് ജോഷി സ്വാഗതവും മേഖലാ മനേജർ വി.ജയപ്രകാശ് നന്ദിയും പറയും. ബ്രാൻഡഡ് ഉല്പന്നങ്ങൾക്ക് എം.ആർ.പി യിൽ നിന്ന് അഞ്ച് ശതമാനം മുതൽ 30 ശതമാനം വരെ വിലക്കിഴിവ് ലഭിക്കും. സെൽഫി മത്സരം ജനുവരി 11 മുതൽ മാർച്ച് 31 വരെയാണ് നടക്കുക. സപ്ലൈകോ വില്പനശാലകൾ സന്ദർശിച്ച് ശബരി ഉല്പന്നങ്ങളോടൊപ്പം സെൽഫി എടുത്ത് സപ്ലൈകോയുടെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ് ലൈക്ക് ചെയ്യുകയും ഫെയ്സ് ബുക്ക് മെസഞ്ചർ വഴി സെൽഷി അയച്ചു നൽകുകയും ചെയ്യുക. ഒന്നാം സമ്മാനം 5,000 രൂപ. രണ്ടാം സമ്മാനം 3,000രൂപ.

# എന്റെ സ്വപ്നത്തിലെ ഭാരതം', "ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അറിയപ്പെടാത്ത നായകർ' എന്നീ വിഷയങ്ങളെക്കുറിച്ചുള്ള തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ പ്രധാനമന്ത്രി അനാച്ഛാദനം ചെയ്യും

25ാമത് ദേശീയ യുവജനോത്സവം 2022 ജനുവരി 12ന് രാവിലെ 11 മണിക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പുതുച്ചേരിയിൽ വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ആ ദിവസം ദേശീയ യുവജന ദിനമായി ആചരിക്കുന്നു.

ഇന്ത്യയിലെ യുവാക്കളുടെ മനസ്സിനെ രൂപപ്പെടുത്താനും അവരെ രാഷ്ട്രനിർമ്മാണത്തിനുള്ള ഒരു ഏകീകൃത ശക്തിയാക്കി മാറ്റാനുമാണ് ഉത്സവം ലക്ഷ്യമിടുന്നത്.

സാമൂഹിക ഐക്യത്തിലും ബൗദ്ധികവും സാംസ്കാരികവുമായ ഏകീകരണത്തിലെ ഏറ്റവും വലിയ വ്യായാമങ്ങളിലൊന്നാണിത്. ഇന്ത്യയുടെ വൈവിധ്യമാർന്ന സംസ്കാരങ്ങൾ കൊണ്ടുവരാനും അവയെ 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്ന ഏകീകൃത തന്തുവിൽ സമന്വയിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു.

ഈ വർഷം, ഉയർന്നുവരുന്ന കോവിഡ് സാഹചര്യം കണക്കിലെടുത്ത്, 2022 ജനുവരി 12 മുതൽ 13 വരെ ഫലത്തിൽ ഫെസ്റ്റിവൽ നടത്താൻ ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഉദ്ഘാടനത്തിന് ശേഷം ദേശീയ യുവജന ഉച്ചകോടി നടക്കും, അതിൽ തിരിച്ചറിഞ്ഞ നാല് വിഷയങ്ങളിൽ പാനൽ ചർച്ചകൾ ഉണ്ടായിരിക്കും.

യുവാക്കൾ നയിക്കുന്ന വികസനത്തിനും ഉയർന്നുവരുന്ന പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിക്കാൻ യുവാക്കളെ പ്രചോദിപ്പിക്കുന്നതിന് അനുസൃതമായി, തീമുകളിൽ പരിസ്ഥിതി, കാലാവസ്ഥ, ടഉഏ നയിക്കുന്ന വളർച്ച എന്നിവ ഉൾപ്പെടുന്നു; സാങ്കേതികവിദ്യ, സംരംഭകത്വം, നവീകരണം; തദ്ദേശീയവും പുരാതനവുമായ ജ്ഞാനം; കൂടാതെ ദേശീയ സ്വഭാവം, രാഷ്ട്ര നിർമ്മാണം, വീട് വളർത്തൽ. പുതുച്ചേരി, ഓറോവിൽ, ഇമ്മേഴ്സീവ് സിറ്റി അനുഭവം, തദ്ദേശീയ കായിക ഗെയിമുകൾ, നാടോടി നൃത്തങ്ങൾ തുടങ്ങിയവയുടെ റെക്കോർഡ് ചെയ്ത വീഡിയോ ക്യാപ്സ്യൂളുകൾ ഫെസ്റ്റിവലിൽ പങ്കെടുക്കുന്നവർക്ക് കാണിക്കും.

ഒളിമ്പ്യൻമാരുമായും പാരാലിമ്പ്യൻമാരുമായും തുറന്ന ചർച്ചകളും തുടർന്ന് വൈകുന്നേരം തത്സമയ പ്രകടനവും ഉണ്ടായിരിക്കും. രാവിലെ വെർച്വൽ യോഗ സെഷൻ സംഘടിപ്പിക്കും.

ചടങ്ങിൽ, 'മേരേ സപ്നോ കാ ഭാരത്', 'ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അൺസങ് ഹീറോസ്' എന്നീ വിഷയങ്ങളെക്കുറിച്ചുള്ള തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ പ്രധാനമന്ത്രി അനാച്ഛാദനം ചെയ്യും. രണ്ട് വിഷയങ്ങളിലായി ഒരു ലക്ഷത്തിലധികം യുവജനങ്ങൾ സമർപ്പിച്ച ലേഖനങ്ങളിൽ നിന്നാണ് ഈ ഉപന്യാസങ്ങൾ തിരഞ്ഞെടുത്തത്.

എംഎസ്എംഇ മന്ത്രാലയം ഏകദേശം 122 കോടി രൂപ മുതൽമുടക്കിൽ പുതുച്ചേരിയിൽ സ്ഥാപിച്ച ടെക്നോളജി സെന്ററും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ & മാനുഫാക്ചറിംഗ് (ഇഎസ്ഡിഎം) മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ ടെക്നോളജി സെന്റർ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സജ്ജീകരിക്കും. പ്രതിവർഷം നൈപുണ്യമുള്ള 6400 ട്രെയിനികളെ പരിശീലിപ്പിക്കാൻ ഇത് വഴിയൊരുക്കുകയും ചെയ്യും.

# സംസ്ഥാന ക്ഷേത്രകലാ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു

2021 ലെ ക്ഷേത്രകലാ അക്കാദമി പുരസ്ക്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ദാരുശിൽപം, ലോഹശിൽപം, ശിലാശിൽപം, ചെങ്കൽശിൽപം, യക്ഷഗാനം, മോഹിനിയാട്ടം, ചുമർചിത്രം, തിടമ്പുനൃത്തം, കളമെഴുത്ത്, കഥകളി, കൃഷ്ണനാട്ടം, തീയാടിക്കൂത്ത്, തുള്ളൽ, ക്ഷേത്രവാദ്യം, സോപാനസംഗീതം, ചാക്യാർകൂത്ത്, കൂടിയാട്ടം, പാഠകം, നങ്ങ്യാർകൂത്ത്, ശാസ്ത്രീയസംഗീതം, അക്ഷരശ്ലോകം, ക്ഷേത്ര വൈജ്ഞാനിക സാഹിത്യം, ബ്രാഹ്മണിപ്പാട്ട്, തിരുവലങ്കാരമാലകെട്ടൽ എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുക. ക്ഷേത്ര വൈജ്ഞാനിക സാഹിത്യത്തിനുള്ള അവാർഡിന് അപേക്ഷിക്കുന്നവർ 2020, 2021 വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളുടെ മൂന്നു കോപ്പികൾ അപേക്ഷയോടൊപ്പം നൽകണം.

തെരഞ്ഞെടുക്കപ്പെട്ട ക്ഷേത്രകലകളിലെ മികച്ച സംഭാവന പരിഗണിച്ച് ഗുരുപൂജ പുരസ്ക്കാരം, ക്ഷേത്രകലകളിലെ സമഗ്ര സംഭാവനയ്ക്കുള്ള ക്ഷേത്രകലശ്രീ പുരസ്ക്കാരം, ക്ഷേതകലാ ഫെലോഷിപ്പ് എന്നിവയും നൽകും.

വിവിധ ക്ഷേത്രകലകളിൽ പ്രാവീണ്യം തെളിയിച്ച 2022 ജനുവരി ഒന്നിന് 40 വയസ് തികയാത്ത വിവിധ രംഗങ്ങളിലുള്ള യുവ ക്ഷേത്രകലാകാരൻമാരിൽ നിന്ന് യുവ പ്രതിഭാ പുരസ്ക്കാരത്തിനും അപേക്ഷ ക്ഷണിച്ചു.

അപേക്ഷാ ഫോറം ൦൦൦.സവെലവ്യേമസമഹമമ രമറലാ്യ.ീൃഴ ൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷാ ഫോറവും ഏറ്റവും പതിയ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും മറ്റ് ബന്ധപ്പെട്ട രേഖകളും സെക്രട്ടറി, ക്ഷേത്രകലാ അക്കാദമി, മാടായിക്കാവ്, പഴയങ്ങാടി പി.ഒ, കണ്ണൂർ 670303 എന്ന വിലാസത്തിൽ ഫെബ്രവരി 10 ന് വൈകിട്ട് നാല് മണിക്കകം ലഭിക്കണം. ഫോൺ: 0497 2986030, 9847913669, 9847510589.

## കോഷൻ ഡെപ്പോസിറ്റ്

തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജിൽ 201112 അധ്യയന വർഷം മുതൽ 201516 അധ്യയന വർഷം വരെയുള്ള കാലയളവിൽ ബി.എ/എം.എ കോഴ്സുകളിൽ അഡ്മിഷൻ എടുത്ത വിദ്യാർഥികളിൽ കോഷൻ ഡെപ്പോസിറ്റ് തുക തിരികെ കൈപ്പറ്റാത്ത വിദ്യാർഥികൾ ജനുവരി 31നു മുൻപായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയുള്ള സമയത്ത് കോളേജ് ഐഡന്റിറ്റി കാർഡുമായി കോളേജ് ഓഫീസിൽ വന്ന് തുക കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക സർക്കാരിലേക്ക് ഒടുക്കുമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

# അധ്യാപകരെ നിയമിക്കുന്നു

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ശല്യതന്ത്ര വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ജനുവരി 11ന് രാവിലെ 11ന് കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ശാലക്യതന്ത്ര വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനിള്ള ഇന്റർവ്യൂ 12ന് രാവിലെ 11നും നടക്കും.

ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡേറ്റയും സഹിതം രാവിലെ 10.30ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.




'സത്യമേവ ജയതേ' ഡിജിറ്റൽ മീഡിയ ലിറ്ററസി ക്യാംപെയിനിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കോളജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്ന ദ്വിദിന പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# ആദ്യ ദിനം കരുതൽ ഡോസ് വാക്സിനേഷൻ 30,895

## കുട്ടികളുടെ വാക്സിനേഷൻ മൂന്നിലൊന്ന് കഴിഞ്ഞു

സംസ്ഥാനത്ത് 30,895 പേർക്ക് ആദ്യ ദിനം കരുതൽ ഡോസ് (ജൃലരമൗശേീ ഉീലെ) കോവിഡ് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 19,549 ആരോഗ്യ പ്രവർത്തകർ, 2635 കോവിഡ് മുന്നണി പോരാളികൾ, 8711 അറുപത് വയസ് കഴിഞ്ഞ അനുബന്ധ രോഗമുള്ളവർ എന്നിവർക്കാണ് കരുതൽ ഡോസ് നൽകിയത്. തിരുവനന്തപുരം ജില്ലയാണ് ഏറ്റവുമധികം പേർക്ക് കരുതൽ ഡോസ് നൽകിയത്. തിരുവനന്തപുരം 6,455, കൊല്ലം 3,184, പത്തനംതിട്ട 1,731, ആലപ്പുഴ 1,742, കോട്ടയം 1,701, ഇടുക്കി 719, എറണാകുളം 2,855, തൃശൂർ 5,327, പാലക്കാട് 922, മലപ്പുറം 841, കോഴിക്കോട് 2,184, വയനാട് 896, കണ്ണൂർ 1,461, കാസർഗോഡ് 877 എന്നിങ്ങനെയാണ് കരുതൽ ഡോസ് നൽകിയത്.


സംസ്ഥാനത്ത് ഇതുവരെ 15നും 18നും ഇടയ്ക്ക് പ്രായമുള്ള മൂന്നിലൊന്നിലധികം കുട്ടികൾക്ക് (35 ശതമാനം) വാക്സിൻ നൽകാനായി.

ആകെ 5,36,582 കുട്ടികൾക്കാണ് കോവിഡ് വാക്സിൻ നൽകിയത്. ഇന്ന് 51,766 കുട്ടികൾക്കാണ് വാക്സിൻ നൽകിയത്. തിരുവനന്തപുരം 1,721, കൊല്ലം 2,762, പത്തനംതിട്ട 2,214, ആലപ്പുഴ 1,789, കോട്ടയം 5,179, ഇടുക്കി 3,588, എറണാകുളം 4,456, തൃശൂർ 1,138, പാലക്കാട് 9,018, മലപ്പുറം 7,695, കോഴിക്കോട് 5,157, വയനാട് 2,064, കണ്ണൂർ 4,808, കാസർഗോഡ് 177 എന്നിങ്ങനെയാണ് കുട്ടികളുടെ വാക്സിനേഷൻ.

ഇന്ന് ആകെ 2,10,835 പേരാണ് എല്ലാ വിഭാഗത്തിലുമായി വാക്സിൻ സ്വീകരിച്ചത്.

# സംസ്ഥാനത്ത് 5,797 പേർക്ക് കൂടി കോവിഡ്; ടിപിആർ 12.6

തിരുവനന്തപുരം: സംസ്ഥാനത്ത് 5797 പേർക്ക് കോവിഡ് കൂടി സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 45,691 സാമ്പിളുകളാണ് പരിശോധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 2796 പേർ രോഗമുക്തി നേടി. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 12.6 ശതമാനമായി ഉയരുകയും ചെയ്തു.



കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 19 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 147 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 49,757 ആയി.

തിരുവനന്തപുരം 1486, എറണാകുളം 929, കോഴിക്കോട് 561, കോട്ടയം 447, തൃശൂർ 389, കണ്ണൂർ 319, കൊല്ലം 311, മലപ്പുറം 267, പത്തനംതിട്ട 266, ആലപ്പുഴ 264, പാലക്കാട് 222, ഇടുക്കി 153, കാസർഗോഡ് 116, വയനാട് 67 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 112 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 5309 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 320 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 56 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,20,368 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,17,548 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 2820 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 257 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

37,736 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,03,146 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറു വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# വാർത്തകളുടെ ശരിതെറ്റുകൾ പരിശോധിക്കുന്ന സംവിധാനം അനിവാര്യം: മന്ത്രി ഡോ. ആർ. ബിന്ദു

വാർത്തകളുടെ ശരിതെറ്റുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. സാമാന്യയുക്തിക്കു നിരക്കാത്ത വ്യാജനിർമിതികൾ മാധ്യമങ്ങൾ ഉണ്ടാക്കിയെടുക്കുമ്പോൾ അതിനെതിരായി സത്യത്തിന്റെ പൊതുബോധം സൃഷ്ടിച്ചെടുക്കണമെന്നും മന്ത്രി പറഞ്ഞു. 'സത്യമേവ ജയതേ' എന്ന പേരിൽ സംഘടിപ്പിക്കുന്ന ഡിജിറ്റൽ മീഡിയ ലിറ്ററസി ക്യാംപെയിനിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കോളജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്ന ദ്വിദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സത്യത്തെ കൗശലപൂർവം കൈകാര്യം ചെയ്ത്, നുണകളിലേക്കു മനുഷ്യനെ കൊണ്ടുപോകേണ്ടത് എങ്ങനെയാകണമെന്നതിൽ സ്ഥാപനങ്ങൾ മാധ്യമപ്രവർത്തകരെ രൂപപ്പെടുത്തിയെടുക്കുകയാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി. മൂലധനശക്തികളുടെ നിർദേശങ്ങൾക്കനുസൃതമായി വാർത്തകൾ ചുട്ടെടുക്കപ്പെടുകയാണ്. അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഇതാണു ശരിയെന്നെന്നും യാഥാർഥ്യമെന്നും കാണിച്ച് മനുഷ്യരുടെ ബോധകേന്ദ്രത്തിലേക്കു നൽകുന്നത് വലിയ ഉത്തരവാദിത്തമില്ലായ്മയാണ്. വാർത്തകളുടെ ശരിതെറ്റുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടായില്ലെങ്കിൽ സമൂഹത്തിലെ ഏറ്റവും ദയനീയമായ മനുഷ്യൻ വലിയ പ്രയാസത്തിലാകും. വെർച്വൽ റിയാലിറ്റി എവിടെ അവസാനിക്കുന്നെന്നോ ആക്ചൽ റിയാലിറ്റി എവിടെ ആരംഭിക്കുന്നെന്നോ തിരിച്ചറിയാൻ കഴിയാത്ത സ്ഥിയാണിന്ന്. ആഗോളവത്കരണ, ഉദാരവത്കരണ നയസമീപനങ്ങളുടെ ഫലമായി ഒഴുകിപ്പരക്കുന്ന മൂലധനം രാജ്യാതിർത്തികൾ ഭേദിച്ചുകഴിഞ്ഞു. രാജ്യങ്ങളുടെ സമ്പദ്ഘടനയേയും സാംസ്കാരിക സവിശേഷതകളേയും വേർതിരിക്കുന്ന അതിരുകൾ ഇതുമൂലം മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. വാർത്തകളും ആശയ നിർദേശങ്ങളും ലോക കേന്ദ്രീകൃത രീതിയിലേക്കു മാറുന്നു. സാംസ്കാരിക സാമ്രാജ്യത്വം എന്നു വിളിക്കാവുംവിധം പത്ര, ദൃശ്യ, ഡിജിറ്റൽ മാധ്യമങ്ങൾ ചേരുന്ന മാധ്യമ സഞ്ചയങ്ങളെ വൻകിടക്കാർ സ്വന്തമാക്കി അതിനെ കേന്ദ്രീകൃത ശൃംഘലയാക്കി രൂപപ്പെടുത്തി, തങ്ങൾക്കു താത്പര്യമുള്ള വാർത്തകൾ വിനിമയം ചെയ്ത് സ്ഥാപിത താത്പര്യങ്ങളെ മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമം നടക്കുകയാണ്. കേരളത്തിലും ഇന്ത്യയിലും ഈ സ്ഥിതിവിശേഷം വ്യത്യസ്തമല്ല.

പൊതുബോധസൃഷ്ടിയിൽ മാധ്യമങ്ങൾ വലിയ തോതിൽ ഇടപെടുന്ന ഇക്കാലത്ത്, ജനകീയമായും സാധാരണക്കാർക്ക് അനുയോജ്യമായും അതു രൂപപ്പെടുത്തിയെടുക്കാൻ കലാലയങ്ങളിലെ പുതുതലമുറയ്ക്കു കഴിയണമെന്നു മന്ത്രി പറഞ്ഞു. ഇതിന് അധ്യാപകർക്കു വലിയ പങ്കുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കോവളം കെ.ടി.ഡി.സി. സമുദ്രയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കൊളീജിയറ്റ് എഡ്യൂക്കേഷൻ അഡിഷണൽ ഡയറക്ടർ ഡോ. എം. ജ്യോതിരാജ് അധ്യക്ഷത വഹിച്ചു. ഡെൽറ്റലീഡ്സ് സ്ഥാപകനും സി.ഇ.ഒയുമായ സെയിദ് നസാകത് ഹുസൈൻ, കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫിസർ ആർ. ഗിരീഷ്, സൂപ്രണ്ട് ചിത്ര എന്നിവരും പങ്കെടുത്തു. രണ്ടു ദിവസങ്ങളിലായി നടക്കുന്ന പരിശീലന പരിപാടി ഇന്ന് (11 ജനുവരി) അവസാനിക്കും. മാസ്റ്റർ ട്രെയിനർമാരായി പരിശീലനം നേടുന്ന ഇവർ സംസ്ഥാനത്തെ വിവിധ കോളജുകളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കും ഡിജിറ്റൽ മീഡിയ ലിറ്ററസി സംബന്ധിച്ചു തുടർ പരിശീലനം നൽകും.

# ന്യൂനപക്ഷ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, ബിരുദം പഠിച്ചു പാസായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ (202122 അധ്യയന വർഷം) പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബി.പി.എൽ വിഭാഗക്കാർ നിർബന്ധമായും റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം. 15,000 രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ംംം.ാശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 26. കൂടുതൽ വിവരങ്ങൾക്ക്: 04712300524.

## യുവതിയെ കുത്തിക്കൊലപ്പെടുത്തിയ കേസ്:ഭർത്താവിന് ജീവപര്യന്തം;10 ലക്ഷം രൂപപിഴ

കൊല്ലം : കെഎസ്ആർടിസി കണ്ടക്ടർ തിരുമുല്ലവാരം കല്ലുംപുറം കെനി ഡെയിലിൽ ( ടിആർഎ 112 ബി) ഡോമി ബിയർലിയെ (36) കുത്തിക്കൊലനെപ്പടുത്തിയ കേസിൽ ഭർത്താവ് ബാബു വല്ലരിയാനു (47) ജീവപര്യന്തം കഠിനതടവും 10 ലക്ഷം രൂപ പിഴയും ശിക്ഷ. പിഴ അടച്ചില്ലെങ്കിൽ 2 വർഷം കൂടി കഠിനതടവ് അനുഭവിക്കണം. പിഴ അടച്ചാൽ അത് 2 മക്കൾക്കുമായി വീതിച്ചു നൽകണമെന്നും കോടതി ഉത്തരവായി.

ഡോമി ബിയർലിയെ കൊലപ്പെടുത്തിയ ശേഷം ബാബു വല്ലരിയാൻ ആത്മഹത്യ ചെയ്യാൻ ശ്രമിച്ച കേസിൽ ഒരു ലക്ഷം രൂപ വേറെയും പിഴ വിധിച്ചു. പിഴത്തുക അടച്ചില്ലെങ്കിൽ ഒരു മാസം തടവ് അനുഭവിക്കണമെന്നും കൊല്ലം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി കെ.വി. ജയകുമാറിന്റെ ഉത്തരവിൽ പറയുന്നു.

2016 ഓഗസ്റ്റ് 18 നാണ് കേസിനാസ്പദമായ സംഭവം. കെഎസ്ആർടിസി എറണാകുളം ഡിപ്പോയിൽ ജോലി ചെയ്യുകയായിരുന്ന ഡോമി ബിയർലിയെ കോയിവിളയിലുള്ള ഭർതൃവീട്ടിൽ വിളിച്ചു വരുത്തി കൊലപ്പെടുത്തിയെന്നാണു കേസ്.

കിടപ്പുമുറിയിൽ വച്ചു കുത്താൻ ശ്രമിച്ചപ്പോൾ പ്രാണരക്ഷാർഥം ശുചിമുറിയിലേക്ക് ഓടിക്കയറിയ ഡോമിയെ പിന്നാലെ എത്തി കുത്തിവീഴ്ത്തുകയായിരുന്നു. തുടർന്നു പ്രതി ഉറക്കഗുളിക കഴിച്ചു ജീവനൊടുക്കാൻ ശ്രമിക്കുകയും ചെയ്തു. ഡോമിയെക്കുറിച്ചുള്ള സംശയമാണു കൊലപാതകത്തിനു കാരണം.

# 45 ഹെക്ടറിൽ തരിശുഭൂമി പച്ചക്കറികൃഷി 'സുഭിക്ഷ കേരളം' മികച്ച നിലയിൽ മുന്നോട്ട്

ജില്ലയിൽ 'സുഭിക്ഷ കേരളം' പദ്ധതി നടത്തിപ്പ് മികച്ച നിലയിൽ പുരോഗമിക്കുന്നു. പ്രതിസന്ധി ഘട്ടത്തിലും അല്ലത്തപ്പോഴും ഭക്ഷ്യസുരക്ഷയും വരുമാനവും ഉറപ്പാക്കുന്ന വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പച്ചക്കറി വികസന പദ്ധതി പ്രകാരം 45 ഹെക്ടറിൽ തരിശുഭൂമി പച്ചക്കറി കൃഷി നടപ്പിലാക്കി. ഹെക്ടറിന് 40,000 രൂപ വീതം ധനസഹായമാണ് നൽകുന്നത്.

ഏഴ് ബ്ലോക്കുകളിലായി പശുവളർത്തൽ, ഗോവർദ്ധന സമഗ്ര പാലുല്പാദന പദ്ധതി എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു. ആട്, പശു, കോഴി വളർത്തൽ, അവയുടെ പരിപാലനം, കാലിത്തീറ്റ വിതരണം എന്നിവയാണ് മൃഗസംരക്ഷണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നത്. വീട്ടുവളപ്പിലെ മത്സ്യകൃഷി, ബയോ ഫ്ളോക്ക് മത്സ്യകൃഷി, കുളങ്ങളിലെ കരിമീൻകൃഷി പദ്ധതികൾക്കായുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, സ്ഥലപരിശോധന എന്നിവ ജില്ലയിലെ 40 തദ്ദേശഭരണ സ്ഥാപനങ്ങളിൽ അന്തിമഘട്ടത്തിലാണ്.

സഹകരണ വകുപ്പിന്റെ പരിധിയിൽ 71 സംഘങ്ങൾ 183. 5 ഏക്കറിൽ 119 മാതൃകാ കൃഷിത്തോട്ടങ്ങൾ പരിപാലിക്കുന്നു. കരുനാഗപ്പള്ളി സഹകരണ ബാങ്കിൽ കൂപ്പ്മാർട്ട് വിപണന കേന്ദ്രവും പ്രവർത്തിക്കുന്നു. സുഭിക്ഷ കേരളം കോർ കമ്മിറ്റി യോഗം വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാനും വിപുലീകരിക്കാനും തീരുമാനിച്ചു. എ. ഡി. എം അധ്യക്ഷയായ യോഗത്തിൽ വകുപ്പുതല മേധാവികളും പങ്കെടുത്തു.

# കുഞ്ഞുങ്ങളെ തേടി അമ്മപ്പുലിയെത്തിയത് മൂന്നു തവണ

പാലക്കാട്: ഒലവക്കോടിന് അടുത്ത് ആൾതാമസമില്ലാത്ത വീട്ടിൽ ഒന്നരയാഴ്ച പ്രായമായ പുലിക്കുട്ടികളെ കണ്ടെത്തിയ സ്ഥലത്ത് അമ്മപ്പുലിയുടെ സാന്നിധ്യം. അകത്തേത്തറ ഉമ്മിണിയിലെ അടച്ചിട്ട വീട്ടിൽ നിന്നും രണ്ട് പുലിക്കുട്ടികളെ കണ്ടെത്തിയതോടെ പുലിക്കുട്ടികളെ തേടിയെത്തുന്ന അമ്മപ്പുലിയെ പിടികൂടാൻ വനം വകുപ്പ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പുലിക്കുട്ടികളെ കണ്ടെത്തിയ വീടിന് സമീപം സ്ഥാപിച്ചിരുന്ന കൂടിന് സമീപം മൂന്നു തവണയാണ് പുലി എത്തിയത്. വീട്ടിൽ കയറാൻ ശ്രമിച്ചശേഷം പുലി തിരികെ പോവുകയായിരുന്നു. കൂട് ചെറുതായതിനാലാണ് പുലി കൂടുങ്ങാതിരുന്നതെന്നാണ് വിവരം. പുലിക്കുട്ടികൾ മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംരക്ഷണകേന്ദ്രത്തിൽ സുരക്ഷിതരാണ്. പത്തുദിവസം മാത്രം പ്രായമായ പുലിക്കുട്ടികൾ രണ്ടും ആരോഗ്യവാന്മാരാണെന്ന് അവയെ പരിശോധിച്ച ഡോ. രഞ്ജിത് മോഹൻ അറിയിച്ചു. ഇന്നലെ ആട്ടുംപാൽ നൽകിയത് അവ കുടിച്ചുവെന്നും ഡോക്ടർമാർ അറിയിച്ചു.

പാലക്കാട് അകത്തേത്തറ പഞ്ചായത്ത് രണ്ടാം വാർഡ് ഉമ്മിണിയിൽ മാധവന്റെ താമസമില്ലാത്ത വീട്ടിൽനിന്നും ഞായറാഴ്ച പുലർച്ചെയാണ് രണ്ട് പുലിക്കുട്ടികളെ കണ്ടെത്തിയത്. തുടർന്ന് വനം വകുപ്പ് അധികൃതർ ഇവയെ മലമ്പുഴയിലെ പരിചരണ കേന്ദ്രത്തിലേക്ക് മാറ്റുകയായിരുന്നു. തുടർന്ന് അമ്മപ്പുലിയെ പിടികൂടുന്നതിനായി പരിസരത്ത് പുലിക്കൂടും സിസിടിവിയും സ്ഥാപിച്ചിരുന്നു,

സിസിടിവി നിരീക്ഷിച്ചപ്പോഴാണ് കുഞ്ഞുങ്ങളെത്തേടി അമ്മപ്പുലി മൂന്ന് തവണ യെത്തിയതായി മനസിലായത്. ഞായർ രാത്രി 11.04നും, 12.05നും തിങ്കളാഴ്ച പുലർച്ചെ രണ്ടു മണിക്കും ആണ് സിസിടിവിയിൽ പുലിയുടെ ദൃശ്യം പതിഞ്ഞത്. പുലിയുടെ യാത്രാപാത മനസിലാക്കി ഇന്നലെ രണ്ട് വലിയ കൂടുകൾ സ്ഥാപിച്ച് ഇരകളെയും ലഭ്യമാക്കിയിട്ടുണ്ട്. പ്രദേശത്തേക്ക് എത്തുന്നതിന് നാട്ടുകാരെ വനം വകുപ്പ് വിലക്കിയിട്ടുണ്ട്. അമ്മപ്പുലിയെ പിടികൂടിയാൽ കുഞ്ഞുങ്ങളെ അതിനടുത്തെത്തിക്കാനാവുമെന്നാണ് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രതീക്ഷ.

# സി.ഡിറ്റിൽ സ്കാനിങ് അസിസ്റ്റന്റ് താത്കാലിക പാനൽ

സർക്കാർ സ്വയംഭരണ സ്ഥാപനമായ സിഡിറ്റ് ഏറ്റെടുത്തു നടപ്പാക്കി വരുന്ന ഡിജിറ്റൈസേഷൻ പ്രോജക്ടുകളുടെ സ്കാനിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് നിശ്ചിത യോഗ്യത ഉള്ളവരെ ജില്ലാടിസ്ഥാനത്തിൽ താത്ക്കാലികമായി പരിഗണിക്കുന്നതിനായി സ്കാനിങ് അസിസ്റ്റന്റുമാരുടെ പാനൽ തയ്യാറാക്കുന്നു.

അപേക്ഷകർ പത്താം ക്ലാസ് വിജയിച്ചിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധം. പകൽ രാത്രി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ തയ്യാറുള്ളവർക്കു മുൻഗണന. പൂർത്തീകരിക്കുന്ന ജോലിക്ക് അനുസൃതമായായിരിക്കും പ്രതിഫലം.

താത്പര്യമുള്ളവർ സിഡിറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.cdit.org ൽ ജനുവരി 17ന് വൈകിട്ട് അഞ്ചിനകം ഓൺലൈനായി രജിസ്റ്റർ ചെയ്തു ബയോഡാറ്റയും യോഗ്യതകൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും അപ്‌ലോഡ് ചെയ്യണം.

# യൂത്ത് ആൻഡ് മോഡൽ പാർലമെന്റ് മത്സര വിജയികൾക്ക് സമ്മാനദാനം

201920 വർഷത്തെ സംസ്ഥാനതല യൂത്ത് ആൻഡ് മോഡൽ പാർലമെന്റ് മത്സര വിജയികളുടെ റിപ്പീറ്റ് പെർഫോമൻസും സമ്മാന വിതരണവും ഇന്ന് (11 ജനുവരി) രാവിലെ 10.30ന് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ നടക്കും. പട്ടികജാതിപട്ടികവർഗ, പിന്നാക്കക്ഷേമ, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, മേയർ ആര്യ രാജേന്ദ്രൻ, എം.എൽ.എമാരായ കെ.കെ. രാമചന്ദ്രൻ, സജീവ് ജോസഫ് തുടങ്ങിയവരും പങ്കെടുക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ നേതൃത്വത്തിലാണു പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.



പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ നവീകരിച്ച അമ്മയും കുഞ്ഞും ബ്ലോക്കിന്റെയും ആധുനിക ഓപ്പറേഷൻ തീയറ്ററുകളുടെയും ഉദ്ഘാടനം മന്ത്രി വീണ ജോർജ് ഓൺലൈനായി നിർവഹിക്കുന്നു

# രണ്ടാം വിമോചനസമരത്തിനുള്ള മുസ്‌ലിം ലീഗിന്റെ നീക്കങ്ങൾ വിജയിക്കില്ല: കോടിയേരി

കോഴിക്കോട്: വഖഫ് വിഷയമുയർത്തി രണ്ടാം വിമോചനസമരത്തിനുള്ള മുസ്‌ലിം ലീഗിന്റെ നീക്കങ്ങൾ വിജയിക്കില്ലെന്ന് സിപിഐ(എം) സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കേരള രാഷ്ട്രീയത്തിൽ മുഖം നഷ്ടമായ ലീഗ് കലാപം നടത്തി തിരിച്ചുവരാൻ ശ്രമിക്കുകയാണ്. കാലം മാറിയെന്നും അന്നത്തെ കേരളമല്ല ഇന്നുള്ളതെന്നും അവർ മനസിലാക്കണം. ലീഗിന്റെ ഇത്തരം നീക്കങ്ങൾ വിലപ്പോകില്ലെന്നും സിപിഐ(എം) ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കോടിയേരി പറഞ്ഞു.

വഖഫ് ബോർഡ് നിയമനം പിഎസ്‌സിക്ക് വിടുന്ന കാര്യത്തിൽ എൽഡിഎഫ് സർക്കാരിന് യാതൊരു വാശിയുമില്ല. എല്ലാവരുമായും ചർച്ച നടത്തിയേ നടപ്പാക്കുവെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. കാന്തപുരം എ പി അബൂബക്കർ മുസ്ല്യാരും ജിഫ്രി മുത്തുക്കോയ തങ്ങളും നേതൃത്വം നൽകുന്ന മുസ്‌ലിം സംഘടനകൾ ലീഗിന്റെ സമരത്തെ പിന്തുണച്ചില്ല. വിഷയത്തിൽ ഒറ്റപ്പെട്ടതിന്റെ ജാള്യത മറയ്ക്കാനാണ് അവർ വർഗീയ ധ്രുവീകരണത്തിനും കലാപത്തിനും ശ്രമിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യയശാസ്ത്രമാണ് അധികാരം നഷ്ടമായ ലീഗിനെ നയിക്കുന്നത്. മതാധിഷ്ഠിത പാർട്ടിയായ ലീഗ് ഇസ്‌ലാം രാഷ്ട്രീയവുമായി സന്ധി ചെയ്തിരിക്കുകയാണ്. മതനിരപേക്ഷതയെ ഉയർത്തുന്നതിന് പകരം തീവ്രവർഗീയതയെ കൂട്ടുപിടിക്കുന്നത് ആർഎസ്എസിന് അധികാരത്തിൽ തുടരാൻ അവസരമൊരുക്കലാണെന്നും അദ്ദേഹം പറഞ്ഞു.

ബിജെപി വീണ്ടും അധികാരത്തിൽ വരുന്നത് തടയാൻ മതനിരപേക്ഷ ജനാധിപത്യ ശക്തികളുടെ കൂട്ടായ്മ എന്നതാണ് സിപിഐ(എം) നയം. ബിജെപിക്ക് ബദൽ കോൺഗ്രസല്ല. മതനിരപേക്ഷ ജനാധിപത്യ ശക്തികൾ ബിജെപിക്ക് ബദലായി ഇടതുപക്ഷത്തെ ഉറ്റുനോക്കുകയാണ്. ഇതിനനുസൃതമായി ഓരോ സംസ്ഥാനത്തും ബിജെപിയെ തോൽപിക്കാനുള്ള അടവുനയമാണ് പാർട്ടി സ്വീകരിക്കുക. അടുത്തമാസം പുറത്തിറക്കുന്ന കരട് രാഷ്ട്രീയ പ്രമേയത്തിൽ ഇക്കാര്യം വ്യക്തമാക്കും.

കേരളത്തിന്റെ സമഗ്ര വികസനമാണ് ഇടതുസർക്കാരിന്റെ ലക്ഷ്യം. കെ റയിലിനെതിരെ നടക്കുന്ന സമരം ഇടതു സർക്കാരിനെതിരെയുള്ള രാഷ്ട്രീയസമരമാണ്. ഭൂമി വിട്ടുകൊടുക്കുന്ന ആളുകൾക്ക് പ്രയാസപ്പെടേണ്ടിവരില്ല. നാലിരട്ടി നഷ്ടപരിഹാരം മുനിസിപ്പാലിറ്റികളും രണ്ടിരട്ടി നഷ്ടപരിഹാരം പഞ്ചായത്തുകളും നൽകുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. പരിസ്ഥിതിയെ തകർക്കുന്ന തരത്തിൽ ഒരു പദ്ധതിയും നടപ്പാക്കില്ല. ജനങ്ങളുടെ പൂർണ പിന്തുണയോടെ കെ റയിൽ ഉൾപ്പെടെയുള്ള വികസന പദ്ധതികളെല്ലാം സർക്കാർ നടപ്പാക്കും. കെ റയിലുമായി ബന്ധപ്പെട്ട് എൽഡിഎഫിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നത് വ്യാജ പ്രചരണം മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

# എല്ലാ അന്താരാഷ്ട്ര യാത്രക്കാർക്കും 7 ദിവസം ഹോം ക്വാറന്റൈൻ: മന്ത്രി വീണാ ജോർജ്

പി സ്റ്റെല്ലസ്

തിരുവനന്തപുരം: കേന്ദ്ര മാർഗനിർദേശ പ്രകാരം വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തെത്തുന്ന എല്ലാ യാത്രക്കാർക്കും 7 ദിവസം നിർബന്ധിത ഹോം ക്വാറന്റൈൻ ഏർപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തുടർന്ന് എട്ടാം ദിവസം ആർടിപിസിആർ പരിശോധന നടത്തും. സംസ്ഥാനത്ത് ആകെ 280 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. അതിൽ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നവർക്കാണ് ഏറ്റവും കൂടുതൽ ഒമിക്രോൺ ബാധിച്ചത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്ന 186 പേർക്കും ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്ന 64 പേർക്കുമാണ് ഒമിക്രോൺ ബാധിച്ചത്. 30 പേർക്കാണ് സമ്പർക്കത്തിലൂടെ രോഗമുണ്ടായത്. ലോ റിസ്ക് രാജ്യങ്ങളിൽ വരുന്നവർക്ക് നേരത്തെ സ്വയം നിരീക്ഷണമാണ് അനുവദിച്ചിരുന്നത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ കൂടുതൽ പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചതിനാൽ അവർക്കും ഹോം ക്വാറന്റൈൻ വേണമെന്ന് സംസ്ഥാനവും ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര മാർഗനിർദേശ പ്രകാരം ഹോം ക്വാറന്റൈൻ വ്യവസ്ഥകൾ കർശനമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

എയർപോർട്ടിലെത്തുന്ന യാത്രക്കാരെ ഹൈ റിസ്ക്, ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവർ എന്നിങ്ങനെ തിരിച്ചാണ് ആർടിപിസിആർ പരിശോധന നടത്തുന്നത്. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്ന എല്ലാവർക്കും ആർടിപിസിആർ പരിശോധന നടത്തും. നെഗറ്റീവായാൽ 7 ദിവസം ഹോം ക്വാറന്റൈനും എട്ടാമത്തെ ദിവസം ആർടിപിസിആർ പരിശോധനയും നടത്തണം. നെഗറ്റീവായാൽ വീണ്ടും 7 ദിവസം സ്വയം നിരീക്ഷണത്തിൽ തുടരണം. കോവിഡ് പോസിറ്റീവാകുന്നവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയയ്ക്കുന്നതാണ്. ഇവരെ ഐസൊലേഷനിൽ പ്രവേശിപ്പിക്കുന്നതാണ്. സ്റ്റാൻഡേർഡ് പ്രോട്ടോകോൾ അനുസരിച്ച് ചികിത്സ നൽകുകയും ചികിത്സിക്കുന്ന ഡോക്ടറുടെ നിർദേശ പ്രകാരം ഡിസ്ചാർജ് ചെയ്യുന്നതുമാണ്.

ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ 2 ശതമാനം പേരുടെ സാമ്പിളുകൾ റാണ്ടം പരിശോധന നടത്താനാണ് കേന്ദ്ര മാർഗനിർദേശം. എന്നാൽ സംസ്ഥാനത്ത് 20 ശതമാനം പേരുടെ സാമ്പിളുകൾ റാണ്ടം പരിശോധന നടത്തുന്നതാണ്. നെഗറ്റീവാകുന്നവർ 7 ദിവസം ഹോം ക്വാറന്റൈനിൽ കഴിയണം. എട്ടാമത്തെ ദിവസം ആർടിപിസിആർ പരിശോധന നടത്തണം. നെഗറ്റീവായാൽ ഇവരും വീണ്ടും 7 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയണം. പോസിറ്റീവാകുന്നവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയയ്ക്കുന്നു. ഇവർക്ക് സ്റ്റാൻഡേർഡ് പ്രോട്ടോകോൾ അനുസരിച്ച് ചികിത്സ നൽകുന്നു.

ക്വാറന്റൈൻ സമയത്തോ സ്വയം നിരീക്ഷണ സമയത്തോ ഏതെങ്കിലും തരത്തിലുള്ള ലക്ഷണങ്ങൾ ഉണ്ടായാലോ കോവിഡ് പോസിറ്റീവായാലോ ആവർത്തിച്ചുള്ള പരിശോധന നടത്തും.

## ഗോവയിൽ ബിജെപിക്ക് ഇരട്ടപ്രഹരം: ഏഴ് മണിക്കൂറിനിടെ രണ്ട് എംഎൽഎ മാർ രാജിവച്ചു

പനാജി: നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കെ ഗോവയിൽ ബിജെപിക്ക് കനത്ത തിരിച്ചടി. പാർട്ടിയുടെ രണ്ട് എംഎൽഎമാർ ഏഴ് മണിക്കൂറിനിടെ രാജിവച്ചു. മായിം മണ്ഡലത്തിൽ നിന്നുള്ള ബിജെപി എംഎൽഎ പ്രവീൺ സൻത്യ ആണ് അവസാനം രാജിവച്ചത്.

ഗോവയിലെ പ്രാദേശിക കക്ഷിയായ മഹാരാഷ്ട്രവാദി ഗോമൻതക് പാർട്ടി (എംജിപി)യിൽ ചേരാനാണ് പ്രവീണിൻറെ തീരുമാനം. ഇന്ന് രാവിലെ മന്ത്രി മൈക്കിൾ ലോബോ ബിജെപിയിൽനിന്നും രാജിവച്ചിരുന്നു. കോൺഗ്രസിൽ ചേരുമെന്ന് മൈക്കിൾ അറിയിച്ചു.

ബിജെപിയിൽ നിന്ന് ഇതുവരെ നാല് എംഎൽഎമാരാണ് രാജിവച്ചത്. കൂടാതെ യുവമോർച്ച ദേശീയ എക്സിക്യൂട്ടീവ് അംഗം ഗജാനൻ ടിൽവേ ഉൾപ്പടെയുള്ള നേതാക്കൾ കോൺഗ്രസിൽ അംഗത്വമെടുത്തു. ബിജെപിക്ക് മൂല്യങ്ങളില്ലെന്നും അധികാരം പിടിക്കാൻ ഏതറ്റം വരെ പോകുമെന്നും ഗജാനൻ പറഞ്ഞു.

സങ്കേത് പർസേക്കർ, അമിത് നായിക്, സിയോൺ ഡയസ്, ബേസിൽ ബ്രാഗൻസ, നിലേഷ് ധർഗാൽക്കർ, വിനയ് വൈഗങ്കർ, ഓം ചോദ്കർ, പ്രതീക് നായിക്, നീലകാന്ത് നായിക് എന്നിവരും കോൺഗ്രസിൽ ചേർന്നു.

# സംസ്ഥാന ചലച്ചിത്ര അവാർഡിന് അപേക്ഷകൾ ക്ഷണിച്ചു

തിരുവനന്തപുരം: മലയാള ചലച്ചിത്രങ്ങൾക്കുള്ള 2021 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയത്തിന് ചലച്ചിത്ര അക്കാദമി അപേക്ഷകൾ ക്ഷണിച്ചു. 2021 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ സെൻസർ ചെയ്ത കഥാചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, 2021 ൽ പ്രസാധനം ചെയ്ത ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുക.

കഥാചിത്രങ്ങൾ ഓപ്പൺ ഡിസിപി (അൺഎൻക്രിപ്റ്റഡ്)/ ബ്ലൂറേ ആയി സമർപ്പിക്കണം. അക്കാദമി വെബ്സൈറ്റായ ഠഠഠ.സലൃമഹമളശഹാ.രീാ ൽ നിന്നും അപേക്ഷാ ഫോറവും നിയമാവലിയും നിബന്ധനകളും ഡൗൺലോഡ് ചെയ്യാം. തപാലിൽ ലഭിക്കുവാൻ 25 രൂപ സ്റ്റാമ്പ് പതിച്ച് മേൽവിലാസമെഴുതിയ കവർ സഹിതം സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, സൈനിക് സ്കൂൾ പിഒ., കഴക്കൂട്ടം, തിരുവനന്തപുരം695 585 എന്ന വിലാസത്തിൽ അയയ്ക്കണം. തിരുവനന്തപുരം നഗരത്തിൽ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിലെ ട്രിഡ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ സിറ്റി ഓഫീസിൽ നിന്ന് നേരിട്ടും അപേക്ഷാഫോറം ലഭിക്കും. അപേക്ഷകൾ ഫെബ്രുവരി 10ന് വൈകുന്നേരം അഞ്ച് മണിക്ക് മുൻപായി അക്കാദമി ഓഫീസിൽ ലഭിക്കണം.

# ശ്രീകാന്ത് വെട്ടിയാർക്കെതിരെ മീ ടൂ ആരോപണം

കോഴിക്കോട്: സോഷ്യൽ മീഡിയ താരവും ചലച്ചിത്ര നടനുമായ ശ്രീകാന്ത് വെട്ടിയാർക്കെതിരെ മീ ടൂ ആരോപണവുമായി യുവതി രംഗത്ത്. ലൈംഗിക പീഡനങ്ങൾക്ക് ഇരയാകുന്നവർ വെളിപ്പെടുത്തലുകൾ നടത്തുന്ന വുമൺ എഗൈൻസ്റ്റ് സെക്ഷ്വൽ ഹരാസ്മെന്റ് എന്ന ഫേസ്ബുക്ക് പേജിലൂടെയാണ് ശ്രീകാന്തിനെതിരായ ഗുരുതരമായ ആരോപണങ്ങൾ പങ്കുവെച്ചത്. ശ്രീകാന്ത് അടുത്ത ബന്ധം സ്ഥാപിച്ച് ആലുവയിലെ ഫ്ലാറ്റിൽ വച്ച് ക്രൂരമായി ബലാത്സംഗം ചെയ്തുവെന്നും പണം തട്ടിയെടുത്തുവെന്നും പെൺകുട്ടി വെളിപ്പെടുത്തുന്നു. മാനസികമായി ആകെ തകർന്നിരിക്കുമ്പോഴാണ് ശ്രീകാന്ത് തന്നെ റേപ്പ് ചെയ്തത്. ജീവിതത്തിലും അഭിനയിക്കുന്ന നടനാണ് ശ്രീകാന്ത് വെട്ടിയാറെന്നും പ്രണയം നടിച്ച് വിവാഹ വാഗ്ദാനം നൽകി പല സ്ത്രീകളെയും അദ്ദേഹം കബളിപ്പിച്ചിട്ടുണ്ടെന്നും പെൺകുട്ടി പറയുന്നു.

പിന്നീട് പലപ്പോഴും നഗ്ന ഫോട്ടോകളും പോൺ വീഡിയോകളും അയക്കുകയും ഫോൺ സെക്സിന് നിർബന്ധിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ സാഹചര്യങ്ങൾ കൊണ്ട് ഇതുവരെ ഒന്നും പുറത്തുപറഞ്ഞിരുന്നില്ലെന്നും എന്നാൽ കൂടുതൽ പെൺകുട്ടികളെ അദ്ദേഹം ചതിച്ചിട്ടുണ്ട് എന്നറിഞ്ഞപ്പോഴാണ് തുറന്നുപറയാൻ തീരുമാനിച്ചതെന്നും പെൺകുട്ടി വ്യക്തമാക്കുന്നു. ഇതുപോലെ ഇനിയാരും വഞ്ചിക്കപ്പെടരുതെന്ന് കരുതിയാണ് തുറന്നുപറച്ചിലെന്നും ഇവർ വ്യക്തമാക്കുന്നു. ഇതിന് മുമ്പും ശ്രീകാന്തിനെതിരെ ഇത്തരം ആരോപണങ്ങൾ വന്നിരുന്നു.

# അസീസിയ കോളജിൽ എംബിബിഎസിന് അധിക ഫീസ് ഈടാക്കുന്നതായി പരാതി

തിരുവനന്തപുരം: കൊല്ലം അസീസിയ മെഡിക്കൽ കോളജ് അധികാരികൾ 2020 ബാച്ച് എംബിബിഎസ് വിദ്യാർഥികളിൽ നിന്ന് രണ്ട് അധ്യയനവർഷങ്ങളിലായി വിവിധ ഫീസ് ഇനങ്ങളിൽ ഒരു ലക്ഷത്തിലധികം രൂപ അധികമായി ഈടാക്കുന്നതായി പരാതി. ഇതിനു പരിഹാരം തേടി വിദ്യാർഥികൾ ഫീ റഗുലേറ്ററി കമ്മിറ്റിയെ സമീപിച്ചിരിക്കുകയാണ്. കൂടാതെ മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, ഉന്നതവിദ്യാഭ്യാസമന്ത്രി എന്നിവർക്കും പരാതി നൽകി.

ഈ അധ്യയന വർഷം ഓരോ വിദ്യാർഥിയിൽ നിന്നും ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചു നൽകിയതിനേക്കാൾ 49735 രൂപ അധികമായി വാങ്ങുന്നു എന്നാണു പരാതിയിൽ പറയുന്നത്. സ്പെഷൽ ഫീ ആയി കമ്മിറ്റി നിശ്ചയിച്ചു നൽകിയത് 29,015 രൂപയാണ്. എന്നാൽ കോളജ് വാങ്ങുന്നത് 31,000 രൂപ. ഒന്നാം വർഷം 12,020 രൂപ അധികമായി വാങ്ങിയിരുന്നു.

ഹോസ്റ്റൽ ഫീ ആയി കമ്മിറ്റി നിശ്ചയിച്ചത് 40,000 രൂപ. കോളജ് വാങ്ങുന്നത് 75,000 രൂപ. കഴിഞ്ഞവർഷം കൂടുതലായി വാങ്ങിയ 35,000 രൂപ തിരിച്ചു നൽകുന്നില്ല.

മെസ് ഫീയായി തീരുമാനിച്ചിരിക്കുന്നത് 45,000 രൂപയാണ്. കോളജ് വാങ്ങുന്നത് 57,750 രൂപയാണ്. കഴിഞ്ഞ വർഷം10,000 രൂപ കൂടുതലായി വാങ്ങി. ഇതിൽ തന്നെ 2021 ഫെബ്രുവരി രണ്ടിനു ക്ലാസ് ആരംഭിച്ചതിനു ശേഷം കോവിഡ് കാരണം രണ്ടു മാസത്തിലധികം കുട്ടികൾ സ്വന്തംവീടുകളിലാണ് താമസിച്ചത്.

നടപ്പ് അധ്യയന വർഷം ഫീ റഗുലേറ്ററി കമ്മിറ്റി തീരുമാനിച്ചതിനേക്കാൾ 49,735 രൂപ അധികമായി വാങ്ങുകയും 2020 21 വർഷം കൂടുതലായി വാങ്ങിയ 57,020 രൂപ തിരിച്ചു തരാതിരിക്കയും ചെയ്യുന്നതിലൂടെ ഓരോ വിദ്യാർഥിക്കും 1,06,755 രൂപ അധിക ബാധ്യത വരുന്നതായി വിദ്യാർഥികൾ പരാതിയിൽ ചൂണ്ടിക്കാട്ടി. ആരോഗ്യ സർവകലാശാല പരീക്ഷാഫീസ് ആയി 3,725 രൂപ അടയ്ക്കാൻ ആവശ്യപ്പെടുന്പോൾ കോളജ് 5,000 രൂപ അധികമായും ആവശ്യപ്പെടുകയാണ്.

ഇത്രയും ഫീസ് അടച്ചില്ലെങ്കിൽ ഫെബ്രുവരി രണ്ടിന് ആരംഭിക്കുന്ന പരീക്ഷ എഴുതുന്നതിനുള്ള ഹാൾ ടിക്കറ്റ് നൽകില്ലെന്ന ഭീഷണി കാരണം എല്ലാവരും ഭീമമായ തുക അടക്കാൻ നിർബന്ധിതരാവുകയാണെന്നും വിദ്യാർഥികൾ പറയുന്നു.

## ജെല്ലിക്കെട്ടിന് അനുമതി നൽകി തമിഴ്നാട്

ചെന്നൈ: കോവിഡ് വർധിക്കുന്ന സാഹചര്യത്തിൽ കർശന നിബന്ധനകളോടെ തമിഴ്നാട് സർക്കാർ ജെല്ലിക്കെട്ടിന് അനുമതി നൽകി. ജനുവരിയിൽ പൊങ്കൽ ഉത്സവത്തിൻറെ ഭാഗമായാണ് പരമ്പരാഗതമായി ജെല്ലിക്കെട്ട് നടക്കുന്നത്.

കാളയുടെ ഉടമയ്ക്കും ഒരു സഹായിക്കും മാത്രമാണ് റിംഗിൽ ഇറങ്ങാൻ അനുമതിയുള്ളത്. ഇവർ രണ്ട് ഡോസ് പ്രതിരോധ കുത്തിവയ്പ്പ് എടുത്തതിൻറെ രേഖയും 48 മണിക്കൂറിനുള്ളിൽ എടുത്ത ആർടിപിസിആർ നെഗറ്റീവ് സർട്ടിഫിക്കറ്റും ഹാജരാക്കണം.

പങ്കെടുക്കുന്നവർക്ക് ജില്ലാ ഭരണകൂടംപ്രത്യേകം ഐഡി കാർഡും നൽകും. കാർഡില്ലാത്തവരെ റിംഗിൽ പ്രവേശിപ്പിക്കില്ല. പരമാവധി 300 പേർക്ക് മാത്രം പങ്കെടുക്കാൻ അനുമതി.

# ജോക്കോവിച്ചിന് കോടതിയിൽ വിജയം; ഓസ്ട്രേലിയൻ ഓപ്പണിൽ മത്സരിക്കാം



മെൽബൺ: സെർബിയൻ ടെന്നിസ് താരം നൊവാക് ജോക്കോവിച്ചിനെ ഉടൻ മോചിപ്പിക്കാൻ ഓസ്ട്രേലിയൻ കോടതിയുടെ ഉത്തരവ്. ഓസ്ട്രേലിയൻ ഓപ്പണിൽ കളിക്കുന്നതിനുള്ള വിലക്കും ഇതോടെ നീങ്ങി.

കോവിഡ് വാക്സിൻ എടുക്കാത്തതിൻറെ പേരിലാണ് മെൽബണിൽ എത്തിയ ജോക്കോയെ ഓസ്ട്രേലിയൻ അധികൃതർ തടഞ്ഞുവച്ചത്. തുടർന്ന് താരം കോടതിയെ സമീപിക്കുകയായിരുന്നു. ഡിസംബർ 16ന് കോവിഡ് ബാധിതനായതിൻറെ സർട്ടിഫിക്കറ്റും ജോക്കോ കോടതിയിൽ ഹാജരാക്കി. എന്നാൽ കോവിഡ് പിടിപെട്ടതിൻറെ പിറ്റേദിവസം താരം പൊതുചടങ്ങിൽ പങ്കെടുത്തുവെന്ന ആരോപണവും ഉയർന്നിട്ടുണ്ട്.

സംഭവം നയതന്ത്രതലത്തിൽ വലിയ വിവാദങ്ങൾക്ക് തിരികൊളുത്തിയിരുന്നു. ജോക്കോയെ തടഞ്ഞ നടപടിയിൽ സെർബിയ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. നിരവധി ആരാധകരും താരത്തിന് പിന്തുണയുമായി രംഗത്തെത്തിയിരുന്നു.

വാക്സിൻ എടുക്കാതെ ഓസ്ട്രേലിയയിൽ കാലുകുത്താനാകില്ലെന്നായിരുന്നു സർക്കാരിൻറെ നിലപാട്. എത്ര ഉന്നതനായാലും കോവിഡ് മാനദണ്ഡങ്ങളിൽ ഇളവുണ്ടാകില്ലെന്നും അധികൃതർ വ്യക്തമാക്കിയിരുന്നു. സർക്കാരിൻറെ വാദങ്ങളെല്ലാം കോടതി പൂർണമായും തള്ളിക്കളഞ്ഞു.

# സൂചിക്ക് നാല് വർഷം കൂടി തടവ്

നായ്പിഡോ: മ്യാൻമറിലെ ജനകീയ നേതാവ് ഔങ് സാൻ സൂചിക്ക് നാല് വർഷം കൂടി തടവ് ശിക്ഷ. കോവിഡ് ചട്ടം ലംഘിച്ചു, വോക്കി ടോക്കി ഇറക്കുമതി ചെയ്തു ഉപയോഗിച്ചു തുടങ്ങിയ കുറ്റങ്ങൾ ആരോപിച്ചാണ് തടവുശിക്ഷ. മൂന്ന് കേസുകളിലായാണ് നാല് വർഷത്തെ തടവുശിക്ഷ. വോക്കി ടോക്കി കൈവശം വച്ചതിന് രണ്ടുവർഷവും കോവിഡ് ചട്ടം ലംഘിച്ചതിന് രണ്ടുവർഷവും ശിക്ഷ അനുഭവിക്കണം.

സൂചിക്ക് എതിരെ 11 കേസുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോവിഡ് ചട്ടം ലംഘിച്ചു, തെരഞ്ഞെടുപ്പിൽ കൃത്രിമം കാട്ടി, ലൈസൻസില്ലാത്ത വോക്കി ടോക്കി ഉപയോഗിച്ചു, ഔദ്യോഗിക രഹസ്യ നിയമം ലംഘിച്ചു തുടങ്ങിയ ഈ കേസുകളെല്ലാം കെട്ടിച്ചമച്ചതാണെന്ന് വ്യാപക വിമർശനം ഉയ!ർന്നുവെങ്കിലും രാജ്യത്തിനകത്തും പുറത്തുമുള്ള സമ്മർദ്ദങ്ങളെ മറികടന്നാണ് പട്ടാളത്തിന്റെ നീക്കം.,

അടുത്ത തെരഞ്ഞെടുപ്പിൽനിന്നു സൂചിയെ മാറ്റി നിർത്തുകയാണ് പട്ടാള ഭരണകൂടത്തിന്റെ ലക്ഷ്യം. കേസിൽ ജയിൽശിക്ഷ അനുഭവിച്ചാൽ സർക്കാരിലെ ഉന്നതപദവികൾ വഹിക്കാനോ പാർലമെന്റ് അംഗമാകാനോ ഭരണഘടന പ്രകാരം വിലക്കുണ്ട്.

2020 നവംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ സൂചിയുടെ പാർട്ടി വൻ വിജയം നേടിയിരുന്നു. തെരഞ്ഞെടുപ്പിൽ വൻ കൃത്രിമം നടന്നുവെന്നാരോപിച്ചു പട്ടാളം രംഗത്തുവന്നെങ്കിലും തിര!ഞ്ഞെടുപ്പ് കമ്മിഷൻ അതു തള്ളുകയായിരുന്നു പിന്നാലെ സൂ ചി അടക്കം നേതാക്കളെ പട്ടാളം തടവിലാക്കി. പട്ടാള നടപടിക്കെതിരെ പ്രതിഷേധിക്കാൻ ഫേസ്ബുക്കിലൂടെ സൂചി നടത്തിയ ആഹ്വാനമാണ് അക്രമത്തിനു പ്രേരിപ്പിച്ചുവെന്ന കേസിന് കാരണമായത്. ഒക്ടോബറിൽ തെരഞ്ഞെടുപ്പ് കാലത്തു നടത്തിയ പ്രചാരണവുമായി ബന്ധപ്പെട്ടാണു കോവിഡ് ചട്ടം ലംഘിച്ചെന്ന കേസുകൾ. ഇതിന് പിന്നാലെയാണ് കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ പട്ടാളം ഭരണം പിടിച്ചെടുത്തത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.